# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P3/1844/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 16/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P3/1844/2023 തീയ്യതി: 16/11/2023

## കൊല്ലം ജില്ലയിലെ വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 30-09-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-08-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അനിൽ കുമാർ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 10-10-2023 | 19-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 10-10-2023 | 19-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ് കുമാർ പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീമതി അമ്പിളി ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി ജൂഡിറ്റ് വർഗ്ഗീസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി റജിന എ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അഡ്വ. എം അൻസർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷൈനി.ബി.എസ് | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷോണി. എസ്. പി. | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. അനിത ബി വി | മെഡിക്കൽ ഓഫീസർ-സി.എച്ച്.സി | 01-04-2022 | 31-03-2023 |
| ഡോ. ഹരികുമാർ നമ്പൂതിരി | മെഡിക്കൽ ഓഫീസർ-ആയൂർവേദം | 01-04-2022 | 30-06-2022 |
| ഡോ പ്രമോദ് കുമാർ | മെഡിക്കൽ ഓഫീസർ-ആയൂർവേദം | 30-06-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു. എസ്. | വി.ഇ.ഒ | 01-04-2022 | 31-03-2023 |
| ശ്രീമതി. ബിന്ദു. ജെ | വി.ഇ.ഒ | 01-04-2022 | 03-10-2022 |
| ശ്രീ ഷാഫി | വി.ഇ.ഒ | 04-10-2022 | 31-03-2023 |
| ശ്രീമതി. അമ്പിളി. പി. വി. | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-12-2022 |
| ശ്രീമതി.രേഖ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-01-2023 | 31-03-2023 |
| ശ്രീ സിബിൻ എസ് | അസി. എഞ്ചിനീയർ, | 01-04-2022 | 31-03-2023 |
| ശ്രീ. ശ്രീകുമാർ സി ജി | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീ.രാജീവ് ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 30-09-2022 |
| ശ്രീമതി മേരി ചെറിയാൻ | അസിസ്റ്റന്റ് സെക്രട്ടറി | 01-10-2022 | 06-11-2022 |
| ശ്രീമതി ജലജ ബി | അസിസ്റ്റന്റ് സെക്രട്ടറി | 07-11-2022 | 28-01-2023 |
| ശ്രീമതി മേരി ചെറിയാൻ | അസിസ്റ്റന്റ് സെക്രട്ടറി | 29-01-2023 | 31-03-2023 |
| ശ്രീമതി. സുല എസ് | അസി. എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി പാർവ്വതി ചന്ദ്രൻ | ഡയറിഫാംഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ. അപ്സര | വെറ്ററിനറി സർജൻ | 01-04-2022 | 29-01-2023 |
| ഡോ. മാലിനി | വെറ്ററിനറി സർജൻ | 30-01-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷികകണക്കിലെ ബാലൻസ് ഷീറ്റിൽ ബാധ്യത ആയി കാണിച്ചിരിക്കുന്ന തുക കൃത്യമല്ല | 1-1-1 |
| 3 | ആസ്തി കുറവായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-2 |
| 4 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രിക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-3 |
| 5 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-4 |
| 6 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല. | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-6 |
| 8 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | രസീത് തെറ്റായ ശീർഷകത്തിൽ നൽകി. | 1-1-8 |
| 10 | ജില്ലാ പഞ്ചായത്ത് ചെലവു തുക വാർഷികകണക്കുകളും ആകെ ചെലവു തുകയുമായി പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | ലയബിലിറ്റി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-11 |
| 22 | മൊബൈൽ ടവറിന്റെ കെട്ടിട നികുതി ഒടുക്കിയില്ല | 1-12 |
| 23 | ലൈഫ് ഭവന നിർമ്മാണ പദ്ധതി- വീടുകൾ പൂർത്തീകരിച്ചില്ല | 1-13 |
| 24 | ഇത്തിക്കര ആറ്റിൽ ചെക്ക് ഡാം 2019-20 ൽ ആരംഭിച്ച പ്രവൃത്തി | 1-14 |

| | | |
|---|---|---|
| | പൂർത്തിയായില്ല. | |
| 25 | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം - അപാകതകൾ | 1-15 |
| 26 | ഫിഷറീസ് ഇൻസ്പെക്ടർ പദ്ധതികൾ നടപ്പിലാക്കിയില്ല | 1-16 |
| 27 | നെൽകൃഷി വികസനം പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ | 1-17 |
| 28 | ഹോംകോയിൽ നിന്നും മരുന്നുകൾ ലഭിച്ചില്ല | 1-18 |
| 29 | KMSCL നിന്നും മരുന്നുകൾ പൂർണമായി ലഭിച്ചില്ല. | 1-19 |
| 30 | ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 1-20 |
| 31 | MGNREGS- ജി എസ് ടി - ടി ഡി എസ് ഈടാക്കാതെ ബിൽതുക നൽകിയത് തിരികെ ഈടാക്കി. | 1-21 |
| 32 | കരിങ്ങന്നൂർ UP സ്കൂളിൽ കിണറ്റിൽ മോട്ടോർ സ്ഥാപിക്കൽ : 2,190/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. | 1-22 |
| 33 | ഭിന്നശേഷി സ്കോളർഷിപ്പ് അധികം നൽകി | 1-23 |
| 34 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - വാഹന വാടക അധികം അനുവദിച്ചു | 1-24 |
| 35 | പകൽ വീട് - സപ്ലൈകോയിൽ നിന്ന് സാധനം വാങ്ങുന്നതിലെ അപാകതകൾ | 1-25 |
| 36 | പകൽ വീട് പദ്ധതി - കരാർ ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ വേതനം നൽകി | 1-26 |
| 37 | വയോജന സംഗമം - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല | 1-27 |
| 38 | അനുപൂരക പോഷകാഹാര പരിപാടി -ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-28 |
| 39 | കയറ്റിറക്കുകൂലി കൊടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല | 1-29 |
| 40 | ചെലവു രേഖകൾ ലഭ്യമാക്കിയില്ല. | 1-30 |
| 41 | സ്റ്റോക്കിലെടുത്തതിന്റെ അപാകതകൾ | 1-31 |
| 42 | ഹരിതകർമസേന - പ്രവർത്തന അവലോകനം | 1-32 |
| 43 | പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല | 1-33 |
| 44 | മഴക്കാലപൂർവ ശുചീകരണം - ഫണ്ട് ചെലവഴിച്ചതിൽ അപാകതകൾ | 1-34 |
| 45 | തനത് വരുമാനം -അവലോകനം | 1-35 |
| 46 | MGNREGS - സിമന്റിന്റെ സപ്ലൈ - മാർക്കറ്റ് നിരക്ക് കണക്കിലെടുക്കാതെ വില നൽകുന്നു. | 1-36 |
| 47 | വിവിധ പദ്ധതി നിർവ്വഹണാധികാരികൾക്ക് മുൻകൂർ കണ്ടിജൻസി ചെലവുകൾ : 77,353/-രൂപയുടെ ചെലവുരേഖകളില്ല. | 1-37 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |

| | | |
|---|---|---|
| 1 | നെൽകൃഷി വികസനം - തുക അധികം നൽകി | 3-1 |
| 2 | കരിങ്ങന്നൂർ UP സ്കൂളിൽ കിണറ്റിൽ മോട്ടോർ സ്ഥാപിക്കൽ : 2,190/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. | 3-2 |
| 3 | ഭിന്നശേഷി സ്കോളർഷിപ്പ് അധികം നൽകി | 3-3 |
| 4 | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - വാഹന വാടക അധികം അനുവദിച്ചു | 3-4 |
| 5 | പകൽ വീട് പദ്ധതി - കരാർ ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ വേതനം നൽകി | 3-5 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ്പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ വെളിനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 23.06.2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ IV(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 05.07.2023 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടേയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടേയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെപറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വെളിനല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യപത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 വാർഷികകണക്കിലെ ബാലൻസ് ഷീറ്റിൽ ബാധ്യത ആയി കാണിച്ചിരിക്കുന്ന തുക കൃത്യമല്ല

1) ഐ.സി.ഡി.എസ്. സുലേഖ പ്രകാരമുള്ള ചെലവ് 26,55,766/-രൂപ. ഇത് വാർഷിക കണക്കുകളുമായി (20,18,262/-രൂപ) പൊരുത്തപ്പെടുന്നില്ല. ആയതിനാൽ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ ബാധ്യത ആയി കാണിച്ചിരിക്കുന്ന തുക കൃത്യമല്ല.

2) ഒടുക്കാൻ ബാക്കിയുള്ള ലോൺ തുക Secured Loan എന്ന പേരിൽ ലയബിലിറ്റിയിൽ

ചേർത്തിരിക്കുന്നത് കൃത്യമല്ല.

രജിസ്റ്റർ പ്രകാരം ഒടുക്കാൻ ബാക്കിയുള്ള തുക –3,03,61,254/-രൂപ

വാർഷികകണക്കുകൾ പ്രകാരം ഒടുക്കാൻ ബാക്കിയുള്ള തുക – 3,08,71,896/-രൂപ

വ്യത്യാസം – 5,10,642/-രൂപ

ഷോപ്പിംഗ് കോംപ്ലക്സിനായുള്ള ലോണിനടച്ച പലിശ (5,10,642/-രൂപ) കൂടി ഒടുക്കുവാൻ ബാക്കിയുള്ള മുതൽ തുകയിൽ രേഖപ്പെടുത്തിയതിനാൽ ആണ് വ്യത്യാസപ്പെട്ടിരിക്കുന്നത്.

3) Other Liabilities എന്ന പേരിൽ ചേർത്തിരിക്കുന്ന 27,06,388/-രൂപയുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

4) പബ്ലിക് വർക്ക് ഡിപ്പാർട്ട്മെന്റിനായി തൻവർഷം നൽകിയ തുക (18,00,000/-രൂപ) അഡ്വാൻസിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-2 ആസ്തി കുറവായി രേഖപ്പെടുത്തിയിരിക്കുന്നു.

1) വാർഷിക കണക്കിലെ ആസ്തി ആയി ചേർത്തിരിക്കുന്ന ഫിക്സഡ് ഡെപ്പോസിറ്റ് തുക (25,73,638/-രൂപ) കൃത്യമല്ല. ഫിക്സഡ് ഡെപ്പോസിറ്റ് രേഖകൾ പ്രകാരം ഫിക്സഡ് ഡെപ്പോസിറ്റ് 29,74,144/- രൂപ ആണ്. ആസ്തി കുറവായി രേഖപ്പെടുത്തിയിരിക്കുന്നു.

2) അഡ്വാൻസ് ടു അദർ ആതറൈസ്ഡ് എജൻസീസ് എന്ന പേരിൽ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് തുക (1,34,44,239/-രൂപ) കൃത്യമല്ല. യഥാർത്ഥത്തിൽ PWD യ്ക്ക് ഡെപ്പോസിറ്റ് ചെയ്ത തുക 1,51,50,000/-രൂപയാണ്. വിശദവിവരങ്ങൾ ഖണ്ഡിക 1-14 കാണുക.

3) 30-03-2023, 29-03-2023 തീയതികളിൽ വരവ് വന്നിട്ടുള്ള 32,000/-രൂപ തിരികെ ലഭിക്കാൻ ബാക്കിയുള്ള Festival Advance എന്ന പേരിൽ തെറ്റായി ആസ്തിയായി ചേർത്തിരിക്കുന്നു.

4) Advance To Others – എന്ന പേരിൽ ചേർത്തിരിക്കുന്ന 16,63,423/-രൂപയുടെ കൃത്യത ബോധ്യപ്പെടാനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

1-1-3 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള പത്രിക വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

റേഷ്യോസ്.

1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

I-18, I-19 എന്നീ ഷെഡ്യൂളുകളിൽ ചേർത്തിരിക്കുന്ന തുകകളുടെ ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

1-1-5 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B1 Schedule വാർഷിക കണക്കുകൾക്കൊപ്പം സമർപ്പിച്ചില്ല.

1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ഉദാ:- വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസങ്ങളിലും ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

1-1-7 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോ – 64,71,432/-രൂപ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം – 99,81,543/-രൂപ

### 1-1-8 രസീത് തെറ്റായ ശീർഷകത്തിൽ നൽകി.

തെരുവുവിളക്ക് പരിപാലനത്തിന്റെ തുക തിരിച്ചടച്ചത് Contribution From Other Village Panchayat എന്ന ഹെഡിൽ ആണ്.

അനർട്ടിന് നൽകിയ തുക തിരികെ ലഭിച്ചപ്പോൾ Advance To Anert എന്ന ഹെഡിൽ കുറവു ചെയ്യാതെ Other Liabilities എന്ന ഹെഡിൽ ചേർത്ത് ലയബിലിറ്റി ആയി ഉൾപ്പെടുത്തി.

### 1-1-9 ജില്ലാ പഞ്ചായത്ത് ചെലവു തുക വാർഷികകണക്കുകളും ആകെ ചെലവു തുകയുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്കുകൾ പ്രകാരമുള്ള തുക – 30,85,205/-രൂപ.

ആകെ ചെലവു തുക – 30,35,205/-രൂപ (സുലേഖ പ്രകാരം).

### 1-1-10 ലയബിലിറ്റി തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

B4 ഷെഡ്യൂളിൽ CFC അക്കൗണ്ട് ശീർഷകം 320200104 ൽ 45,44,428/-രൂപ നീക്കിയിരിപ്പിന് പകരം 16,27,272/-രൂപയും, അക്കൗണ്ട് ശീർഷകം 320200113 ൽ 12,51,007/-രൂപ നീക്കിയിരിപ്പിന് പകരം 1,79,150/-രൂപയും കാണിക്കുന്നു.

### 1-2 ബജറ്റ്

05-03-2022 ലെ 1/1 നം. തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 08-02-2023 ലെ II/1 നം. തീരുമാനപ്രകാരവും അംഗീകരിച്ചു.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 1,25,60,133/-രൂപ |
| വരവ് | 6,84,64,100/-രൂപ |
| ആകെ | 8,10,24,233/-രൂപ |
| ചെലവ് | 5,84,82,557/-രൂപ |
| നീക്കിയിരിപ്പ് | 2,25,41,676/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 1,81,070/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 45,16,703/-രൂപ |

വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവു ചെലവുകൾ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഇല്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി. (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | സി.ബി. (₹) |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 18089166/- | 18089166/- | 18056271/- | 32895/- |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 10686804/- | 10686804/- | 10686804/- | 0 |
| മെയിന്റനൻസ്, റോഡ് | 0 | 13383000/- | 13383000/- | 13383000/- | 0 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 6409000/- | 6409000/- | 6408985/- | 15/- |

| | | | | | |
|---|---|---|---|---|---|
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ( UnTied) ട്രഷറി | 0 | 173966/- | 173966/- | 173966/- | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1000/- | 1893330/- | 1894330/- | 1893206/- | 1124/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) ബാങ്ക് | 1071857/- | 4826000/- | 5897857/- | 4646850/- | 1251007/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (UnTied) ബാങ്ക് | 1027098/- | 3354601/- | 4381699/- | 3927257/- | 454442/- |
| WGDP | 1462751/- | 58510/- | 1521261/- | 0 | 1521261/- |
| ICDS | 662856/- | 2068262/- | 2731118/- | 2655766/- | 75352/- |
| TSC | 2373968/- | 59518/- | 2731118/- | 1140695/- | 12,92,791/- |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | |
| Life State Share | 270000/- | 72,00,000/- | 74,70,000/- | 38,00,000/- | 36,70,000/- |
| ശുചിത്വമിഷൻ | 12000/- | 0 | 12000/- | 0 | 12000/- |
| Health & Wellness Grant (PHC) | 0 | 246648/- | 246648/- | 72780/- | 173868/- |
| Health Grant Diagnosis | 0 | 251465/- | 251465/- | 81900/- | 169565/- |

## 1-5 പദ്ധതി അവലോകനം

2022-23 ൽ അംഗീകാരം ലഭിച്ചതും, നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 16,15,48,801/- | 97 | 8,49,45,146/- | 42 | 23 | 59.87% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ്₹ | വരവ് ₹ | ആകെ ₹ | ചെലവ്₹ | നീക്കിയിരുപ്പ്₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1,000 | 18,93,330/- | 18,94,330/- | 18,93,206/- | 1,124/- |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 7,07,38,883/- | 7,07,38,883/- | 7,07,38,883/- | |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക(രൂപ) |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 33,75,000/- |
| വിധവാപെൻഷൻ | 1,46,21,000/- |
| വാർദ്ധക്യകാല പെൻഷൻ | 2,66,92,000/- |
| വികലാംഗപെൻഷൻ | 52,14,800/- |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 1,47,800/- |

| | |
|---|---|
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30,000/- |
| തൊഴിലില്ലായ്മ വേതനം | 92,880/- |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.10.2023 12.30 PM ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6856 /-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമ ചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമപഞ്ചായത്ത് ഓഫീസിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

നികുതി, നികുതിയേതര വരവുകൾ കൃത്യമായി നിർണ്ണയിച്ച് പിരിവ് നടത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിൽ ആകെയുള്ള 11298 പാർപ്പിട കെട്ടിടങ്ങളിൽ 31.94% (7689) ത്തിന് മാത്രമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. ഇതിന്റെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. 2022-23 ൽ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള നടപടികളും, പരിശോധനകളും ക്രമപ്രകാരം നടത്തുന്നതിന്റെ രേഖകളില്ല. പദ്ധതി നിർവ്വഹണം സംബന്ധമായ രേഖകളും കണക്കുകളും സൂക്ഷിക്കുന്നതിലും ഓഡിറ്റിന് ഹാജരാക്കുന്നതിലും പദ്ധതി നിർവ്വഹണാധികാരിയായ ഐ.സി.ഡി.എസ്. സൂപ്പർവൈസർ ഗുരുതരമായ വീഴ്ച വരുത്തി. പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടു കൂടി ഓഡിറ്റിന് ഹാജരാക്കിയ വാർഷിക ധനകാര്യ പത്രികയിലും കാര്യമായ പൊരുത്തക്കേടുകൾ ഓഡിറ്റ് നിരീക്ഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയം പാലിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണ/മേൽനോട്ട സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കേണ്ടതുണ്ട്.

പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഫലപ്രാപ്തിയിലെത്തിക്കുന്നതിന് കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്. നിർവ്വഹണാധികാരികൾ പദ്ധതികൾ നടപ്പിൽ വരുത്താതിരിക്കുന്നതിന്റേയും, പദ്ധതികൾ സ്പിൽഓവർ ആകുന്നതിന്റേയും കാരണം ബന്ധപ്പെട്ട കമ്മിറ്റികൾ പരിശോധിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളിൽ പദ്ധതി പണത്തിന്റെ മിതവ്യയം കണക്കിലെടുത്തിട്ടുണ്ട് എന്നും, ആരംഭിച്ച പദ്ധതികളിൽ സമയക്ലിപ്തത പാലിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട് എന്നും ഓഡിറ്റ് നിരീക്ഷിക്കുന്നു. മരാമത്ത് - കരാർ പ്രവൃത്തികൾക്ക് ചട്ടപ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്താനും ശ്രദ്ധ പുലർത്തിയിട്ടുണ്ട്.

ഭവനനിർമ്മാണം/ഭവനപുനരുദ്ധാരണം എന്നീ പ്രവൃത്തികൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.

നിക്ഷേപപ്രവൃത്തികൾക്കായി സാമൂഹ്യ സുരക്ഷാ മിഷൻ, പൊതുമരാമത്ത് വകുപ്പ് എന്നിവയിൽ അടവാക്കിയിട്ടുള്ള തുകകളുടെ വിനിയോഗ സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല.

ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് അവശ്യ മരുന്നുകളുടെ സമയബന്ധിതമായ ലഭ്യത ഉറപ്പാക്കുന്നതിന് കൂടുതൽ ശ്രദ്ധ അനിവാര്യമാണ്.

തനതു വരുമാന വർദ്ധനവിനുതകുന്ന നികുതി നികുതിയേതര വരവുകൾ ഉയർത്തുന്നതിനുള്ള പുതിയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതും കെട്ടിട നികുതിയുൾപ്പടെയുള്ളവയുടെ കൃത്യമായ നികുതി നിർണ്ണയവും പിരിച്ചെടുക്കലും ഉറപ്പാക്കേണ്ടതുമാണ്.

കൃഷി ഓഫീസറുടെ നിർവഹണാധികാരത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ രേഖകൾ

പരിശോധിച്ചതിലും അപാകതകൾ കാണാൻ കഴിഞ്ഞു.

മേൽ പരാമർശ വിഷയങ്ങൾ വിവിധ ഖണ്ഡികകളിലായി ചുവടെ പരാമർശിച്ചിരിക്കുന്നു. വിഷയങ്ങളിലേക്ക് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06/05/2022 | 10/2021 മുതൽ 03/2022 വരെ | 16/07/2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17/02/2014 | 2008-09 മുതൽ 2012-13 വരെ | 11/04/2014 |

## 1-11 തൊഴിൽ നികുതി ഈടാക്കിയില്ല

2022-23 ലെ തൊഴിൽ നികുതി രജിസ്റ്ററും സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല എന്ന് വ്യക്തമായി. വിശദവിവരം ചുവടെ ചേർക്കുന്നു.

I. ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുവരുത്താത്ത സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ബി.എസ്.എൻ.എൽ. | 1 & 2 |
| 3 | മാർക്ക് ആർക്കിട്ടക്ചറൽ കോളജ് | 1 & 2 |
| 4 | വെളിനല്ലൂർ ദേവസം ബോർഡ് | 1 & 2 |

II. സ്ഥാപന തൊഴിൽ നികുതി ഒടുക്കാത്ത സ്ഥാപനങ്ങൾ

1. ബി.എസ്.എൻ.എൽ.
2. മാർക്ക് ആർക്കിട്ടക്ചറൽ കോളജ്

മുകളിൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും നികുതി ഈടാക്കാത്തതിന്റെ വിശദാംശം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, തൊഴിൽനികുതിയും സ്ഥാപനനികുതിയും അടവാക്കുന്നതിന് ടി സ്ഥാപനങ്ങൾക്ക് കത്ത് നൽകിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ പഞ്ചായത്തു പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിലെ ജീവനക്കാർ, കരാറുകാർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രൊഫഷ്ണലുകൾ, ബിൽഡിംഗ് പ്ലാൻ തയ്യാറാക്കുന്ന എൻജിനീയർമാർ, ടൂറിസ്റ്റ് വാഹന ഉടമകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

എൻക്വയറി നം. – 5 തീയതി-16-10-2023.

## 1-12 മൊബൈൽ ടവറിന്റെ കെട്ടിട നികുതി ഒടുക്കിയില്ല

2022-23 ൽ താഴെപ്പറയുന്ന വാർഡുകളിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയുള്ളതായി കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഉടമയുടെ പേര്/വാർഡ് നം. | അടസ്ഥാന വസ്തുനികുതി (₹) | കുടിശ്ശിക തുക (₹) / LC ഉൾപ്പടെ (സഞ്ചയ പ്രകാരം) | കുടിശ്ശിക വർഷം |
|---|---|---|---|---|
| 1 | 15 -8 Mt, മാനേജർ, ടവർവിഷൻ ഇന്ത്യ ലിമിറ്റഡ് | 5,810/- | 40,719/- | 2017-18 മുതൽ 2022-23 വരെ |
| 2 | 5 -2mt ഐഡിയ മൊബൈൽ സെല്ലുലാർ ലിമിറ്റഡ് ശ്രീകാര്യം | 4,500/- | 8,770/- | 2021-22 മുതൽ 2022-23 വരെ |

മുകളിൽ പരാമർശിച്ച മൊബൈൽ ടവറുകളുടെ നികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ 2 മൊബൈൽ ടവറുകളിൽ നിന്നും നികുതി ഈടാക്കുന്നതിന് ആർ. ആർ. നടപടി ആരംഭിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി. ആർ. ആർ. നടപടിയിലൂടെ കുടിശ്ശിക തുക ലഭ്യമാകുന്ന മുറക്ക് തനതുഫണ്ടിൽ അടവാക്കി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി നം.-19 തീയതി-19/10/2023.

1-13 ലൈഫ് ഭവന നിർമ്മാണ പദ്ധതി- വീടുകൾ പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതിയിൽ നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ടിരുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല. 2022-23 ൽ കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു കൈപ്പറ്റി നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

എ) പ്രോജക്ട് - നം. 114 – ലൈഫ് ഭവന നിർമ്മാണം (എസ്.സി.പി.)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് (ശ്രീ./ശ്രീമതി) | അനുവദിച്ച തുക ₹ | ആദ്യഗഡു അനുവദിച്ചത്/ (ബിൽ നം/തീയതി) |
|---|---|---|---|
| 1 | ശാലിനി, പ്ലാങ്കുഴി വടക്കതിൽ വീട്, നെട്ടയം കുന്ന് | 40,000/- | 29/10/2022 (2/29-10-22) |
| 2 | രമ്യ, നീലക്കോണം, ആറ്റൂർകോണം | 40,000/- | 7/12/2022 (3/7-12-22) |
| 3 | സരിത, എസ്. ആർ സദനം, താന്നിമൂട് | 40,000/- | 7/12/2022 (4/7-12-22) |
| 4 | ബൈജു, ചരുവിളപുത്തൻവീട്, ചെറിയവെളിനെല്ലൂർ | 40000/- | 2/2/2023 (10/2-2-23) |
| 5 | രാധിക, വസന്തവിലാസം, ചെങ്കൂർ | 40000/- | 14/2/2023 (14/14-2-23) |

ബി) പ്രോജക്ട് - നം. 48 – ലൈഫ് ഭവന നിർമ്മാണം (ജനറൽ)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് (ശ്രീ /ശ്രീമതി) | അനുവദിച്ച തുക ₹ | ആദ്യഗഡു അനുവദിച്ചത് |
|---|---|---|---|
| 1 | മസൂദ്, ചെറുനല്ലൂർ, പണയിൽ വീട് | 40,000/-<br>1,00000/-<br>(ബിൽ നം-25 തീയതി-17/3/23 | 21/10/2021 |

സി) പ്രോജക്ട് - നം. 120 – ലൈഫ് ഭവന നിർമ്മാണം (ജനറൽ)

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് (ശ്രീ./ശ്രീമതി) | അനുവദിച്ച തുക ₹ | ആദ്യഗഡു അനുവദിച്ചത്/ (ബിൽ നം/തീയതി) |
|---|---|---|---|
| 1 | ബിന്ദു.ബി, ബി.എസ് ഹൗസ്, പനയം കുന്ന് | 40,000/- | ബിൽ നം. 9/26-10-22<br>തുക – 2,00,000/-രൂപ |
| 2 | ഷീജമോൾ, രോഹിത് ഭവൻ, ആല്യംമൂട് | 40,000/- | ബിൽ നം. 10/23-10-22<br>തുക – 2,00,000/-രൂപ |

മേൽഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പൂർത്തീകരിക്കുന്ന മുറക്ക് വിവരം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു. മേൽ ഗുണഭോക്താക്കളുടെ ഭവനനിർമ്മാണ പുരോഗതി വിലയിരുത്തി ഭവനനിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി

പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണവിവരം ലഭ്യമാക്കേണ്ടതുമാണ്.

എൻക്വയറി നം.-7 തീയതി-16-10-2023.

## 1-14 ഇത്തിക്കര ആറ്റിൽ ചെക്ക് ഡാം 2019-20 ൽ ആരംഭിച്ച പ്രവൃത്തി പൂർത്തിയായില്ല.

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി 2019-20 ൽ ആരംഭിച്ച പദ്ധതിയാണ് ഇത്തിക്കര ആറ്റിൽ ആറ്റൂർകോണം വാർഡിലെ ചെക്ക് ഡാം നിർമ്മാണം. ഇതുവരെ പദ്ധതിക്കായി താഴെ പറയും പ്രകാരം 1,51,50,270/- രൂപ കൊല്ലം ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ പേർക്ക് നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| 2019-20 | ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് | 3,50,000/- |
| 2019-20 | ചെക്ക് ഡാം നിർമ്മാണം | 50,00,000/- |
| 2020-21 | ചെക്ക് ഡാം നിർമ്മാണം | 56,80,000/- |
| 2021-22 | ചെക്ക് ഡാം നിർമ്മാണം | 21,60,746/- |
| 2021-22 | ചെക്ക് ഡാം നിർമ്മാണം | 1,59,524/- |
| 2022-23 | ചെക്ക് നം. 3945991/12.05.2022 | 18,00,000/- |
| | ആകെ | 1,51,50,270/- |

പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. 1.45 കോടി രൂപ ചെലവ് പ്രതീക്ഷിച്ച് 2019-20 ൽ ആരംഭിച്ച പദ്ധതിയുടെ എസ്റ്റിമേറ്റ് 2022-23 ആയപ്പോൾ 1.88 കോടിയായി ഉയർന്നു.

2. പല തവണ എസ്റ്റിമേറ്റ് പുതുക്കുകയും മുൻകൂർ തുക അനുവദിക്കുകയും ചെയ്തെങ്കിലും പ്രവൃത്തി ഇതുവരെ പൂർത്തിയാക്കാനായില്ല.

3. 2022-23 ൽ നൽകിയ 18,00,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 2022-23 ൽ പദ്ധതിക്കുവേണ്ടി മേൽപ്രകാരം അനുവദിച്ച 18,00,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി എത്രയും വേഗം പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ഉൾപ്പെടെയുള്ള രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 2/16.10.2023

തടസ്സപ്പെടുത്തിയ തുക – ₹18,00,000/-

## 1-15 സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം – അപാകതകൾ

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 116/23 |
| പ്രോജക്ട് | സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം |
| അടങ്കൽ | ₹2,04,900/- |
| ഫണ്ടിനം | വികസനഫണ്ട് ജനറൽ |
| ചെലവ് | ₹2,04,900/- |
| ബിൽ നമ്പർ | 24/5-12-22 - ₹62,000/-<br>27/27-3-23 - ₹1,42,900/- |

പ്രസ്തുത പദ്ധതി പ്രകാരം വാങ്ങിയ ലാപ്പ്ടോപ്പ്, ക്യൂ.ആർ. കോഡ് എന്നിവ സ്റ്റോക്കിൽ എടുത്തതിന്റെ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആകെ 13,000 ക്യൂ.ആർ. കോഡിനായി 12,000/-രൂപ

നൽകിയെങ്കിലും 11,000 എണ്ണം മാത്രമേ ലഭിച്ചിട്ടുള്ളൂ എന്നും ആയതിന് ചെലവായ 10,154/-രൂപയിൽ നിന്നും ബാക്കി 1,846/-തിരികെ നൽകുന്നതാണെന്നും 18-10-2023 ലെ KCC/CPG/CR-0263 /2023-24-850 നമ്പർ കത്ത് പ്രകാരം കെൽട്രോൺ മാർക്കറ്റിംഗ് ഹെഡ് അറിയിച്ചതായും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. ലഭ്യമായതിൽ 8850 ക്യൂ.ആർ. കോഡുകൾ വിതരണത്തിനായി നൽകി എന്നും ബാക്കി ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കുന്നതായും മറുപടിയിൽ പറയുന്നു. ഈയിനത്തിൽ അധികം ചെലവഴിച്ച 1,846/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുക തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 2/16-10-2023.

തടസ്സപ്പെടുത്തിയ തുക – 1,846/-രൂപ

## 1-16 ഫിഷറീസ് ഇൻസ്പെക്ടർ പദ്ധതികൾ നടപ്പിലാക്കിയില്ല

ഫിഷറീസ് ഇൻസ്പെക്ടർ നിർവ്വഹണോദ്യോഗസ്ഥയായി മത്സ്യകൃഷി (പദ്ധതി നം. 59 അടങ്കൽ തുക : 4,84,756/-രൂപ), മത്സ്യകൃഷി (പദ്ധതി നം. 60 അടങ്കൽ തുക : 6,15,000/-രൂപ) എന്നി രണ്ട് പദ്ധതികൾ അംഗീകരിച്ചിരുന്നു. എന്നാൽ രണ്ടു പദ്ധതികളും നടപ്പിൽ വരുത്തിയിട്ടില്ല. DPC അംഗീകാരം ലഭിച്ചിട്ടും പദ്ധതികൾ നടപ്പിലാക്കാതിരുന്ന സാഹചര്യം സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും ഏറ്റെടുത്ത പദ്ധതികൾ പൂർത്തിയാക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം.10/17.10.2023.

## 1-17 നെൽകൃഷി വികസനം പദ്ധതി നടപ്പിലാക്കിയതിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | നെൽകൃഷി വികസനം, പദ്ധതി നം. 107/23 |
| അടങ്കൽ തുക | ₹4,50,000/- (വികസന ഫണ്ട്)<br>₹60,000/-(ഗുണ. വിഹിതം) |
| ചെലവഴിച്ച തുക | ₹4,50,000/- (വികസന ഫണ്ട്)<br>(₹1,25,000/-ബിൽ നം. 2/31.10.2022<br>₹1,75,000/-ബിൽ നം. 3/06.01.2023<br>₹1,50,000/-ബിൽ നം. 4/31.03.2023) |

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ നെൽകൃഷി വികസനം എന്ന പദ്ധതിയിൽ സബ്സിഡി മാർഗ്ഗരേഖ നിഷ്കർഷിക്കുന്നതിലും അധികമായി സബ്സിഡി നൽകിയിരിക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ. തീയതി 28.5.22 ഖ. 9.1 പ്രകാരം ഒരു പൂകൃഷിക്ക് 25,000 രൂപ/ഹെക്ടർ അനുവദിക്കാവുന്നതാണ്. എന്നാൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തി നല്കിയ സ്റ്റേറ്റ്മെന്റ്, അപേക്ഷ, അനുബന്ധരേഖകൾ എന്നിവ പരിശോധിച്ചതിൽ മേൽ ഉത്തരവ് പ്രകാരം അനുവദനീയമായതിനേക്കാൾ അധികമായി 64,800/- രൂപ അനുവദിച്ചിരിക്കുന്നു. (വിശദാംശങ്ങൾ 3-1 ൽ ഉൾപ്പെടുത്തിയിരിക്കുന്നു). അധികമായി അനുവദിച്ച 64,800/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

കൂടാതെ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തി നല്കിയ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗുണഭോക്താക്കൾക്കും തുക അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ളവരുടെ അപേക്ഷ, അനുബന്ധരേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | പേര് | അനുവദിച്ച തുക |
|---|---|---|
| 1 | ശ്രീ. മജീദ് എം | 6,500/- |
| 2 | ശ്രീമതി അജന്തകുമാരി അമ്മ എം | 4,500/- |
| 3 | ശ്രീ. എം എം സലിം | 10,000/- |
| 4 | ശ്രീ. മുരളീധരൻ പിള്ള | 4,600/- |
| 5 | ശ്രീ. ജോൺ മത്തായി | 4,000/- |
| ആകെ | | 29,600/- |

അപേക്ഷ, അനുബന്ധരേഖകൾ എന്നിവയുടെ അഭാവത്തിൽ നെൽകൃഷി വികസനത്തിനായി അനുവദിച്ച 29,600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 14-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ നിശ്ചയിച്ചിട്ടുള്ളതിലും അധികമായി തുക നൽകിയതിനും രേഖകളില്ലാതെ നെൽകൃഷി വികസനത്തിനായി തുക അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

നിരാകരിച്ച തുക – 64,800/- രൂപ

തടസ്സപ്പെടുത്തിയ തുക – 29,600/- രൂപ

ഓഡിറ്റ് എൻക്വയറി നം. – 13/19.10.2023.

1-18 ഹോംകോയിൽ നിന്നും മരുന്നുകൾ ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ, ആയുർവ്വേദം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം തുക മുൻകൂറായി നൽകിയെങ്കിലും ഹോംകോയിൽ നിന്നും മരുന്നുകൾ, പൂർണമായും ലഭ്യമായില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./പേര് | പ്രോജക്ട് അടങ്കൽ (₹) | പ്രോജക്ട് ചെലവുതുക (₹) | ബിൽ നം./തീയതി | മരുന്നു വാങ്ങലിനായി നൽകിയ തുക (₹) | മരുന്നു ലഭിക്കാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|---|
| 11/22-23 NHM ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | 3,50,000/- മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് | 3,50,000/- | 28/2022-23/ 03.10.2022 | 3,50,000/- | 3,50,000/- |
| ആകെ 3,50,000/-രൂപ | | | | | |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടിയുടെ വിവരങ്ങൾ ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മുൻകൂർ നൽകിയെങ്കിലും മരുന്നുകൾ ലഭ്യമാക്കാത്തതിനാൽ 3,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 9/17.10.2023.

തടസ്സപ്പെടുത്തിയ തുക – 3,50,000/-രൂപ.

1-19 KMSCL നിന്നും മരുന്നുകൾ പൂർണമായി ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പ്രകാരം തുക മുൻകൂറായി KMSCL ന് നൽകിയെങ്കിലും മരുന്നുകൾ പൂർണമായും ലഭ്യമായില്ല. വിശദവിവരം

ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം./ പേര് | പ്രോജക്റ്റ് അടങ്കൽ (₹) | പ്രോജക്റ്റ് ചെലവ് തുക (₹) | ബിൽ നം./തീയതി | മരുന്ന വാങ്ങലിനായി നൽകിയ തുക (₹) | മരുന്ന ലഭിക്കാൻ അവശേഷിക്കുന്ന തുക (₹) |
|---|---|---|---|---|---|
| 84/22-23 സ്വാന്തന പരിചരണം | 8,00,000/- (5,00,000/- വികസനഫണ്ട് ജനറൽ + 3,00,000/- മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) | 7,02,215/- | 18/2022-23/ 25.03.2023 | 2,67,785/- | 1,05,657/- |
| ആകെ - 1,05,657/-രൂപ | | | | | |

മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച തുടർ നടപടിയുടെ വിവരങ്ങൾ ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ലഭ്യമാകാത്ത മരുന്നുകളുടെ വിലയായ 1,05,657/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 8/17.10.2023.

തടസ്സപ്പെടുത്തിയ തുക – 1,05,657 /- രൂപ.

1-20 ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2022-23 ൽ 2130 കുടുംബങ്ങൾക്ക് തൊഴിൽ നൽകി. ആകെ തൊഴിൽദിനങ്ങൾ 1,44,145 ആണ്. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 900 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 7,26,19,146/-രൂപ ചെലവഴിച്ചു. പൊതു കിണറുകളുടെ നവീകരണം; പൊതു കുളങ്ങളുടെ നവീകരണം; കാലി തൊഴുത്തുകൾ, 11 കി.മീ. റോഡ്, ലൈഫ് ഭവനങ്ങൾ, ഗ്രാമീണ ചന്ത, പൊതു ഭൂമിക്ക് ചുറ്റുമതിൽ, കിച്ചൻ ഷെഡ് എന്നിവയുടെ നിർമ്മാണം; വൃക്ഷത്തൈ നടീൽ, മൃഗപരിപാലനം (വ്യക്തിഗതം), തരിശ് നിലം കൃഷിയോഗ്യമാക്കൽ തുടങ്ങിയ പ്രവൃത്തികൾ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും ഏതാനും ഇനങ്ങൾ നാമമാത്രമായ അളവിൽമാത്രം ചെയ്യുകയും (റോഡ് നിർമ്മാണം : 0.5 കി.മീ.) മറ്റുള്ളവ പൂർണ്ണമായും ഒഴിവാക്കുകയും ചെയ്തു (ഗ്രാമീണ ചന്ത, പൊതു ഭൂമിക്ക് ചുറ്റുമതിൽ, കിച്ചൻ ഷെഡ് എന്നിവയുടെ നിർമ്മാണം, തരിശ് നിലം കൃഷിയോഗ്യമാക്കൽ തുടങ്ങിയ പ്രവൃത്തികൾ). ആകെ ചെലവിൽ 65 % തുകയും ചെലവഴിച്ചിരിക്കുന്നത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾക്കും ഭൂവികസന പ്രവൃത്തികൾക്കുമാണ് (കയ്യാല, മഴക്കുഴി, തട്ട് തിരിക്കൽ). പദ്ധതി പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിശകലന വിധേയമാക്കേണ്ടതാണ്.

രേഖകളുടെ പരിപാലനം- ഓഡിറ്റ് നിരീക്ഷണങ്ങൾ

1. ഭൂവികസന പ്രവൃത്തികളിൽ, ഓരോ ഗുണഭോക്താവിന്റെയും ഭൂമിയിൽ നടത്തുന്ന പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആകെ ഭൂവിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ അറിയാനും കഴിയുന്നില്ല. ആയതിനാൽ ഓരോ ഇനം പ്രവൃത്തിയുടെയും ആകെ നിർവ്വഹിച്ചിട്ടുള്ളതായി എംബുക്കുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവുകളുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

ഉദ്യോഗസ്ഥതല / ഭരണതല വീഴ്ചകൾ

1. 2022-23 ൽ MGNREGS ൽ ഉൾപ്പെടുത്തി നടപ്പിൽ വരുത്തിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളും ഉപകരണങ്ങളും സപ്ലൈ ചെയ്ത കരാറുകാരന് ആകെ 13,59,103/-രൂപ നൽകി. സിമിന്റിനും മറ്റും 28% GST ഉൾപ്പടെയാണ് ബിൽ തുക നൽകിയിരിക്കുന്നത്. ജി.എസ്.ടി.-ടി.ഡി.എസ്. ഈടാക്കാതെയാണ് തുക നൽകിയിരുന്നത്. ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിന്റെ അടിസ്ഥാനത്തിൽ 19.10.23ൽ ടി.ഡി.എസ്. ഈടാക്കി രസീത് ഹാജരാക്കി. ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2. റോഡ് പ്രവൃത്തിക്കാവശ്യമായ സിമന്റിന്റെ സപ്ലൈയ്ക്ക് അംഗീകരിച്ചിരിക്കുന്ന കരാർ നിരക്ക് 11,328/-രൂപ/ടൺ (566.4/-bag) ആണ്. എന്നാൽ 10,000/-രൂപ/ടൺ നിരക്കിലാണ് വില നൽകികാണുന്നത് (500/-രൂപ/ബാഗ്) പദ്ധതി കാലയളവിൽ സിമിന്റിന്റെ പ്രാദേശിക വില നികുതികളുൾപ്പടെ ശരാശരി 8,000/-രൂപ/ടൺ ആണെന്ന് MGNREGSന്റെ തന്നെ മറ്റ് പ്രവൃത്തിഫയലുകളിൽനിന്നും വ്യക്തമാകുന്നു. പഞ്ചായത്ത് ഭരണസമിതിയുടെ മേൽനോട്ടത്തിൽ മാർക്കറ്റ് നിരക്കുകൂടി കണക്കിലെടുത്ത് കരാറുകാരനുമായി Negotiation നടത്തി വിലനിജപ്പെടുത്താതിരുന്നത് അപാകതയായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

3. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10/06/2013 -ലെ സർക്കാർ ഉത്തരവ്(എം.എസ്.) നം. 218/2013 പ്രകാരം ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് സെക്രട്ടറിക്ക് തൊഴിലുറപ്പ് പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ എന്ന ചുമതല നൽകിയിട്ടുണ്ട്. ഇതിൽ തൊഴിലാളി ഗ്രാമസഭയുടെ സംഘാടനം, പ്രവൃത്തികളുടെ മേൽ നോട്ടം, അളവിന്റെ പരിശോധന എന്നിവ ഉൾപ്പെടുന്നു. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള കൃത്യനിർവ്വഹണം അസിസ്റ്റന്റ് സെക്രട്ടറി നടത്തിയിട്ടുള്ളതായി ഫയലുകളിലെവിടെയും രേഖപ്പെടുത്തലുകളില്ല.

4. ബ്ലോക്ക് പ്രോഗ്രാം ഓഫീസർ, ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ എന്നിവരുടെ ചുമതലയിൽ പെടുന്ന പ്രവൃത്തികളുടെ പരിശോധനകൾ കൃത്യമായി നടത്തിയതായി രേഖയില്ല.

മേൽ വിഷയങ്ങളിലേക്ക് പഞ്ചായത്ത് ഭരണ സമിതി, വികസന സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 MGNREGS- ജി എസ് ടി - ടി ഡി എസ് ഈടാക്കാതെ ബിൽതുക നൽകിയത് തിരികെ ഈടാക്കി.

2022-23 ൽ MGNREGS ൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന 4 റോഡു പ്രവൃത്തികൾ നടപ്പിൽ വരുത്തുകയുണ്ടായി.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാർ പ്രകാരം നൽകിയ മെറ്റീരിയൽ വില (₹) |
|---|---|---|
| 1. | ചെങ്കൂർ വാർഡിൽ ചെറുവക്കൽ ഏലാ റോഡ് കോൺക്രീറ്റ് | 1,96,790/-<br>(FTO 16263/11.4.23) |
| 2. | അമ്പലംകുന്ന് വാർഡിൽ പുഞ്ചിരിമുക്ക് ട്രാൻസ്ഫോമർ റോഡ് കോൺക്രീറ്റ് | 3,85,796/-<br>(FTO16236/11.4.23) |
| 3. | റോഡുവിള വാർഡിൽ തേമ്പാംവിള പനവട്ടം ഏലാ റോഡ് കോൺക്രീറ്റ് | 3,88,505/-<br>(FTO16296/11.4.23) |
| 4. | മോട്ടോർകുന്ന് വാർഡിൽ ആല്യംമൂട് -മോട്ടോർകുന്ന് അംഗൻവാടി റോഡ് കോൺക്രീറ്റ് | 3,88,012/-<br>(FTO162118/12.5.23) |

മേൽ പ്രവൃത്തികൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളും ഉപകരണങ്ങളും സപ്ലൈ ചെയ്യാൻ കരാർ ഏറ്റിരുന്നത് ശ്രീ. ബി ശ്രീകുമാർ എന്ന വ്യക്തിയാണ് (കരാർ നം. 02/AE/MGNREGS/21-22/24.2.22).

കോൺക്രീറ്റിനാവശ്യമായ സിമിന്റിനും മറ്റും 28% GST ഉൾപ്പടെയാണ് ബിൽ തുക നൽകിയിരിക്കുന്നത്. ജി.എസ്.ടി.-ടി.ഡി.എസ്. ഈടാക്കാതെയാണ് ആകെ 13,59,103/-രൂപ കരാറുകാരന് ബിൽ തുകയായി നൽകിയിരിക്കുന്നത്. കരാറുകാരൻ നിയമപ്രകാരമുള്ള നികുതികൾ ഒടുക്കുവരുത്തിയതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ശ്രീ. ബി ശ്രീകുമാർ 41,048/-രൂപ ജി.എസ്.ടി.-ടി.ഡി.എസ്. ഒടുക്കുവരുത്തിയതിന്റെ രസീത് (നം. 1230201584/G021105 /19.10.23) ഹാജരാക്കി. ഒടുക്കിയ തുക സംബന്ധമായ മരാമത്ത് പ്രവൃത്തികളുടെ കൃത്യമായ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 17/18.10.2023.

## 1-22 കരിങ്ങന്നൂർ UP സ്കൂളിൽ കിണറ്റിൽ മോട്ടോർ സ്ഥാപിക്കൽ : 2,190/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

കരിങ്ങന്നൂർ UP സ്കൂളിൽ കിണറ്റിൽ മോട്ടോർ സ്ഥാപിക്കുന്നതിനായി സ്കൂൾ ഹെഡ് മാസ്റ്റർ ക്വട്ടേഷൻ ക്ഷണിക്കുകയും, കുറഞ്ഞ നിരക്കായ 11,544/- രൂപ ക്വോട്ടു ചെയ്ത L&G Electricals കരിങ്ങന്നൂർ എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് സ്ഥാപനം സമർപ്പിച്ച 13,734/-രൂപയുടെ ബിൽ ഹെഡ് മാസ്റ്റർ പഞ്ചായത്തിൽ ഹാജരാക്കി തുക കൈപ്പറ്റി (തനത് ഫണ്ട് ചെക്ക് നം. 97280/29.7.22). 2,190/- രൂപ അധികമായി നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കിയില്ല.
2,190/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. 2,190/- രൂപ ഉത്തരവാദിയായ സ്കൂൾ ഹെഡ് മാസ്റ്ററിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 ഭിന്നശേഷി സ്കോളർഷിപ്പ് അധികം നൽകി

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയപ്പോൾ അർഹതപ്പെട്ടതിലും അധികം തുക നൽകി. അഖിലാ നാഥ് എന്ന വിദ്യാർത്ഥിയുടെ രക്ഷിതാവായ ശ്രീ. ശൈലൻ എന്നയാളുടെ കരിങ്ങന്നൂർ ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ 115701000009289 നമ്പർ അക്കൗണ്ടിലേക്ക് താഴെ പറയും പ്രകാരം തുക നൽകി.

| ബിൽ നമ്പർ | നൽകിയ തുക (₹) |
|---|---|
| 16/10-11-22-4,53,500/- | 17,500/- |
| 23/23-3-23-3,00,000/- | 25,500/- |
| ആകെ | 43,000/- |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് നൽകാവുന്ന പരമാവധി തുക 28,500/- രൂപ ആണെന്നിരിക്കെ തുക അധികം നൽകിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ അധികമായി ചെലവഴിച്ച 14,500/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക നിർവ്വഹണോദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസറിൽ നിന്നും ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 14/19-10-2023.
നിരാകരിച്ച തുക – 14,500/-രൂപ

## 1-24 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - വാഹന വാടക അധികം അനുവദിച്ചു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

| | |
|---|---|
| പ്രോജക്ട് നമ്പർ | 39/23 |
| പ്രോജക്ട് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| അടങ്കൽ | ₹1,29,644/- |
| ഫണ്ടിനം | വികസനഫണ്ട് ജനറൽ |
| ചെലവ് | ₹1,29,644/- |
| ബിൽ നമ്പർ | 6/2-6-22 |

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതിയിൽ അംഗീകൃത കരാറുകാരനായ ശ്രീ. ഉണ്ണികൃഷ്ണനുമായുള്ള കരാർ പ്രകാരം ഒരു ദിവസം 395/- രൂപയാണ് വാഹനവാടകയായി നൽകേണ്ടിയിരുന്നത്. എന്നാൽ ഒരേ തീയതിയിൽ ഒരേ വാഹനം വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി നടത്തുന്നതിനായി ഒന്നിൽ കൂടുതൽ തവണ വാഹനവാടക നൽകിയിരുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഇത്തരത്തിൽ അധികം നൽകിയ 2,350/- രൂപ 18.10.2023 ലെ 1230201569/G021105 നമ്പർ രസീത് പ്രകാരം തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതായി അറിയിച്ചു.

കരാറുകാരനായ ശ്രീ. ഉണ്ണികൃഷ്ണൻ ഒരേ തീയതിയിൽ രണ്ടു വാഹനങ്ങളിൽ സഞ്ചരിച്ച് തെരുവുവിളക്കു പരിപാലനം നടത്തിയതായി കാണിച്ച് രണ്ടു വാഹനവാടക നൽകിയിരിക്കുന്നു. KL 02 W 9898, KL02 AG 4068 നമ്പർ വാഹനങ്ങളിൽ ഒരേ ദിവസം (4-9-21, 13-10-21, 14-10-21, 15-10-21) സഞ്ചരിച്ചതിന്റെ ബില്ല് പ്രകാരം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ കരാറുകാരൻ രണ്ടു വാഹനങ്ങളിൽ സഞ്ചരിച്ചാണ് തെരുവുവിളക്കു പരിപാലനം നടത്തിയത് എന്നാണ് മറുപടി നൽകിയത്. കരാർ പ്രകാരം ഒരു ദിവസം 395/-രൂപയാണ് വാഹന വാടകയായി അനുവദിക്കാവുന്നത് എന്നതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. വാഹന വാടകയിനത്തിൽ അധികം നൽകിയ 1,580/-(395x4) രൂപ തിരികെ ഈടാക്കേണ്ടതാണ്.

നിരാകരിച്ച തുക – 1,580/-രൂപ
ഓഡിറ്റ് എൻക്വയറി നമ്പർ – 1/10.10.2023

### 1-25 പകൽ വീട് - സപ്ലൈകോയിൽ നിന്ന് സാധനം വാങ്ങുന്നതിലെ അപാകതകൾ

മേൽ പദ്ധതിയ്ക്കായി സപ്ലൈകോയിൽ നിന്നും വാങ്ങുന്ന സാധനങ്ങൾക്ക് ഇന്റന്റ് നൽകുന്നില്ല. അരി ഒഴികെ വാങ്ങുന്ന മറ്റു സാധനങ്ങളുടെ ഉപയോഗ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പ്രസ്തുത സ്റ്റോക്ക് രജിസ്റ്റർ നിർവഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തുന്നുമില്ല. വാങ്ങിയ ബില്ലുകൾ നിർവഹണ ഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തി Passed For Payment രേഖപ്പെടുത്തുന്നില്ല. ബിൽ നമ്പർ 7/1-9-22 പ്രകാരം മാറിയ 1,33,335/-രൂപ യിൽ 98,335/-രൂപ സപ്ലൈകോ ലാഭം സൂപ്പർ മാർക്കറ്റിനാണ് നൽകിയിരിക്കുന്നത്. ആയത് ഏത് ബിൽ പ്രകാരം വാങ്ങിയ സാധനങ്ങൾക്കാണ് എന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

അടുക്കള സാധനങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ ലഭ്യമാക്കിയിട്ടില്ല. ജി.എസ്.ടി. നമ്പർ ഇല്ലാത്ത ബില്ലുകൾ ആണ് പരിശോധനയ്ക്ക് ഹാജരാക്കിയിരിക്കുന്നത്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ സപ്ലൈകോയ്ക്ക് നൽകിയ 98,335/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 20/19-10-2023.
തടസ്സപ്പെടുത്തിയ തുക – 98,335/-രൂപ

### 1-26 പകൽ വീട് പദ്ധതി - കരാർ ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ വേതനം നൽകി

പകൽ വീട് പദ്ധതിയിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള കെയർ ഗിവർക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിനേക്കൾ ഉയർന്ന നിരക്കിൽ വേതനം അനുവദിച്ചു. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 22/18 തസ്വഭവ തീയതി 14.2.2018 ഖ.7.1.13 പ്രകാരം പകൽ വീട് നടത്തിപ്പിന് അനുയോജ്യമായ തരത്തിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതും പ്രതിമാസം 7,000/- രൂപയിൽ അധികമാകാതെ വേതനം നൽകാവുന്നതുമാണ്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി കെയർ ഗിവർക്ക് (ശ്രീമതി ഉഷ ബി) പ്രതിമാസം 14,000/- രൂപ നിരക്കിൽ വേതനം അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
|---|---|---|
| പദ്ധതി, നം. | പകൽ വീട് പദ്ധതി (20/23) | പകൽ വീട് പദ്ധതി (58/23) |
| അടങ്കൽ തുക | ₹6,87,669/- (വികസനഫണ്ട്-ജനറൽ) | ₹1,76,617/-(വികസനഫണ്ട് ) |
| ചെലവ് | ₹5,28,952/- | ₹1,76,617/- |

ബിൽ, ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ, തീയതി | മാസം | നൽകിയ തുക (₹) | നൽകാവുന്നത് (₹) | അധികം നൽകിയത് (₹) |
|---|---|---|---|---|
| 1/15-5-22 | 2/22, 3/22, 4/22 | 42,000/- | 21,000/- | 21,000/- |
| 4/25-6-22 | 5/22 | 14,000/- | 7,000/- | 7,000/- |
| 7/1-9-22 | 6/22, 7/22 | 28,000/- | 14,000/- | 14,000/- |
| 9/1-9-22 | 8/22 | 14,000/- | 7,000/- | 7,000/- |
| 14/25-10-22 | 9/22 | 14,000/- | 7,000/- | 7,000/- |
| 17/11-11-22 | 10/22 | 14,000/- | 7,000/- | 7,000/- |
| 19/15-12-22 | 11/22 | 14,000/- | 7,000/- | 7,000/- |
| 22/23-2-23 | 12/22, 1/23 | 28,000/- | 14,000/- | 14,000/- |
| 27/28-3-23 | 2/23, 3/23 | 28,000/- | 14,000/- | 14,000/- |
| ആകെ | | | | 98,000/- |

അധിക വേതനം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ അധികം നൽകിയ 98,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 16/17-10-2023.

നിരാകരിച്ച തുക - 98,000/-രൂപ.

## 1-27 വയോജന സംഗമം - രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല

വയോജനസംഗമവും വയോജനക്ലബ് അങ്കണവാടിയിലെ പ്രവർത്തനങ്ങളും എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പ്രോജക്ട് നമ്പർ | 98/23 |
| പ്രോജക്ട് | വയോജനസംഗമവും വയോജനക്ലബ് അങ്കണവാടിയിലെ പ്രവർത്തനങ്ങളും |
| അടങ്കൽ | ₹1,50,000/- |

| | |
|---|---|
| ഫണ്ടിനം | വികസനഫണ്ട് ജനറൽ |
| ചെലവ് | ₹1,18,802/- |
| ബിൽ നമ്പർ | 12/1-9-22 – ₹13,000/-<br>13/25-10-22 – ₹86,302/-<br>18/16-11-25 – ₹19,500/- |

പദ്ധതിയുടെ ഫയലിൽ മുളയറച്ചാർ ഗാമോസ് ഓഡിറ്റോറിയത്തിൽ വയോജനസംഗമം നടത്തുന്നതിന്റെ നോട്ടീസ് മാത്രമാണ് ലഭ്യമാക്കിയത്. പ്രസ്തുത പദ്ധതിയ്ക്കായി ബിൽ പ്രകാരം പിൻവലിച്ച തുക താഴെ പറയും പ്രകാരമാണ് ചെലവാക്കിയിട്ടുള്ളത്.

| ബിൽ നമ്പർ, തുക (₹) | തുക കൈപ്പറ്റിയ വ്യക്തി | ഹാജരാക്കിയ വൗച്ചർ | റിമാർക്ക്സ് |
|---|---|---|---|
| 12/1-9-22<br>13,000/- | ശ്രീ. ശ്രീകുമാർ ₹5,000/-<br>ശ്രീമതി. സുഫിരത്ത് ബീവി ₹8,000/- | ഇല്ല | ട്രഷറി ബിൽ മാത്രമേ ഹാജരാക്കിയിട്ടുള്ളു. |
| 13/25-10-22<br>86,302/- | ശ്രീ. രാജേഷ് കുമാർ ₹8,852/- | NVP Hypermarket Invoice No. N-185948/30-9-22 | - |
| | ശ്രീ. ശ്രീകുമാർ 35,450/- | NVP Hypermarket Invoice No. 350/30-9-22 | ട്രോഫി വാങ്ങിയതായി രേഖപ്പെടുത്തിയിരിക്കുന്ന പ്രസ്തുത ബിൽ NVP Hypermarket ന്റെ ജി.എസ്.ടി നമ്പർ രേഖപ്പെടുത്താത്ത ബിൽ ആണ്. പ്രസ്തുത ബില്ലിൽ Passed For Payment രേഖപ്പെടുത്തി നിർവഹണഉദ്യോഗസ്ഥ സാക്ഷ്യപ്പെടുത്തിയിട്ടില്ല.ശ്രീകുമാറിന് തുക നൽകിയതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല. |
| | ശ്രീമതി. സബീന 42,000/- | ന്യൂ കേരളാ ചിക്കൻസ് , കൊട്ടിയം എന്ന സ്ഥാപനം ഫാത്തിമാ ഹോട്ടലിന് നൽകിയ 477/3-10-22 നമ്പർ ബിൽ (105x400=42,000) ഇനം രേഖപ്പെടുത്താത്തത്. | ചെലവ് ഉദ്ദേശ്യം വ്യക്തമാക്കിയിട്ടില്ല. |
| 8/16-11-25<br>19,500/- | ശ്രീ. സജ്ജ കെ | ഇല്ല | ട്രഷറി ബില്ലിന്റെ പകർപ്പ് മാത്രമേ ലഭ്യമാക്കിയിട്ടുള്ളു. |

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി

ലഭ്യമാക്കിയില്ല. പ്രസക്തമായ രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 1,18,802/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ ഹാജരാക്കാത്ത പക്ഷം ചെലവ് നടന്നിട്ടില്ല എന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ഓഡിറ്റ് എൻക്വയറി നമ്പർ – 15/18-10-2023.

തടസ്സപ്പെടുത്തിയ തുക - 1,18,802/-രൂപ

1-28 അനുപൂരക പോഷകാഹാര പരിപാടി -ബില്ലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

വിവിധ അങ്കണവാടികൾ വഴി നടപ്പിലാക്കുന്ന അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം വിവിധ ട്രഷറി ബില്ലുകൾ പ്രകാരം തുക മാറി ഏജൻസികൾക്ക് നൽകിയെങ്കിലും ആയതിന്റെ വൗച്ചർ, ബില്ലുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബിൽ നമ്പർ, തുക (₹) | തുക കൈപ്പറ്റിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|
| വികസനഫണ്ട് ജനറൽ | 3/25-6-22 7,00,000/- | കൽപ്പദാരു അമൃതം ഫുഡ് പ്രോഡക്റ്റ് | കൽപ്പദാരു അമൃതം ഫുഡ് പ്രോഡക്റ്റിന്റെ ബില്ലുകൾ ഹാജരാക്കിയില്ല. |
| | 6/26-7-22 3,00,000/- | | |
| വികസനഫണ്ട് എസ്.സി.പി. | 11/1-9-22 3,50,000/- | ലാഭം സൂപ്പർ മാർക്കറ്റ് | ബില്ലുകൾ ഹാജരാക്കിയില്ല. |

മേൽ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് റിക്വസിഷനും തുടർനടപടികൾ സ്വീകരിക്കാഞ്ഞതിനെ തുടർന്ന് ഫയൽ ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്കും മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 13,50,000/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 12/18-10-2023.

ഓഡിറ്റ് റിക്വസിഷൻ നമ്പർ - 1/16-10-2023.

തടസ്സപ്പെടുത്തിയ തുക - 13,50,000/-രൂപ.

1-29 കയറ്റിറക്കുകൂലി കൊടുത്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

വിവിധ അങ്കണവാടികൾ വഴി നടപ്പിലാക്കുന്ന അനുപൂരക പോഷകാഹാര പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന സാധനങ്ങളുടെ കയറ്റിറക്കുകൂലി താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| ഫണ്ടിനം | ബിൽ നമ്പർ, തുക (₹) | വിവരണം |
|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 311/27-2-23 19,523/- | 1/23,2/23 എന്നീ മാസങ്ങളിൽ ഇറക്കിയ സാധനങ്ങളുടെ കയറ്റിറക്ക കൂലി |
| കേന്ദ്രവിഹിതം | 93747/28-3-23 68,470/- | ഒക്ടോബർ മാസം മുതൽ മാർച്ച് വരെയുള്ള കയറ്റിറക്ക കൂലി |

എന്നാൽ ഈ തുകകൾ ഏത് മാസത്തെ ഏത് ബിൽ പ്രകാരമുള്ള സാധനങ്ങളുടെ കയറ്റിറക്ക കൂലി ആണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയില്ല. കയറ്റിറക്ക കൂലിയുടെ ക്വട്ടേഷൻ വിവരങ്ങളും ലഭ്യമാക്കിയില്ല. ആയത് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് റിക്വസിഷനും വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്കും മറുപടിയും ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ഈയിനത്തിൽ ചെലവഴിച്ച 87,999/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആവശ്യമായ രേഖകൾ

സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 12/18-10-2023.

ഓഡിറ്റ് റിക്വസിഷൻ നമ്പർ – 1/16-10-2023.

തടസ്സപ്പെട്ടുത്തിയ തുക – 87,993/-രൂപ.

1-30 ചെലവു രേഖകൾ ലഭ്യമാക്കിയില്ല.

അങ്കണവാടി പോഷകാഹാരം പദ്ധതി പ്രകാരം കേന്ദ്രഫണ്ട് ചെലവഴിച്ചതിന്റെ രേഖകൾ ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് | അടങ്കൽ (₹) | സുലേഖ പ്രകാരമുള്ള ചെലവ് (₹) | ഹാജരാക്കിയ ചെലവു രേഖകൾ (₹) | ഹാജരാക്കാത്ത ബിൽ തുക (₹) |
|---|---|---|---|---|
| അങ്കണവാടി അനുപൂരക പോഷകാഹാരം -ജനറൽ | 25,00,000/- | 22,55,842/- | 19,05,842/- | 3,50,000/- |
| അങ്കണവാടി അനുപൂരക പോഷകാഹാരം – എസ്.സി. | 6,00,000/- | 3,99,924/- | 2,52,807/- | 1,47,117/- |

ചെലവു രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാനാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ഹാജരാക്കാത്ത ബില്ലുകൾ പ്രകാരം ചെലവഴിച്ച 4,97,117/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് റിക്വസിഷൻ നമ്പർ 1/16-10-2023.

ഓഡിറ്റ് എൻക്വയറി നമ്പർ 12/18-10-2023.

തടസ്സപ്പെട്ടുത്തിയ തുക – 4,97,117/-രൂപ.

1-31 സ്റ്റോക്കിലെടുത്തതിന്റെ അപാകതകൾ

1. ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാരം പദ്ധതി പ്രകാരം വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ, തുക | ഇൻവോയ്സ് നമ്പർ, തീയതി |
|---|---|
| 112419, ₹3,536/- ലാഭം സൂപ്പർ മാർക്കറ്റ് | 0203111/22851/14-12-22 – ₹1,368/- |
| | 0203111/22752/07-11-22 – ₹2,168/- |
| 626186, 616187/ 28-3-23 1049311 KSCSC | 427/9/5540/13-2-23 — Ragi 3 Kg 169.5 /- |

2. സ്റ്റോക്ക് രജിസ്റ്റർ പേജ് നം. 43, 5/11/22 ലെ 4341 നമ്പർ ഇൻവോയ്സ് പ്രകാരം 700 കിലോ റവ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഇൻവോയ്സ് പ്രകാരം റവ വാങ്ങിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 12/18-10-2023.

1-32 ഹരിതകർമസേന - പ്രവർത്തന അവലോകനം

ഗ്രാമപഞ്ചായത്തിൽ നിലവിൽ 17 വാർഡുകളിലായി, ഓരോ വാർഡിലും 2 പേർ വീതം, 34 അംഗങ്ങൾ ഉൾപ്പെടുന്ന ഹരിതകർമ്മസേന പ്രവർത്തിക്കുന്നു. വാർഡുകളിലെ എല്ലാ ഭവനങ്ങളിൽ നിന്നും

സ്ഥാപനങ്ങളിൽ നിന്നും എല്ലാ മാസവും 1 മുതൽ 15 വരെയുള്ള തീയതികളിൽ നിശ്ചിത കലണ്ടർ പ്രകാരം, അജൈവ മാലിന്യങ്ങൾ ശേഖരിച്ചുവരുന്നു. 'ഹരിതമിത്രം' ആപ്പ് വഴി എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തി എന്ന് ഉറപ്പാക്കിയിട്ടുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ക്ലീൻ കേരള കൺസൾട്ടൻസി എന്ന സ്വകാര്യ ഏജൻസിക്കാണ് കൈമാറുന്നത്. നിലവിൽ ഓയൂർ വാർഡിൽ ഒരു എം സി എഫ്- മാത്രമാണുള്ളത്. ഒരു ബെയിലിംഗ് മെഷീനും സ്ഥാപിച്ചിട്ടുണ്ട്.

യൂസർ ഫീ ഇനത്തിലും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിന് കൺസോഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ കാനറബാങ്ക് ഓയൂർ ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. നിക്ഷേപിക്കപ്പെടുന്നതിൽ 10% അക്കൗണ്ടിൽ നില നിർത്തിയശേഷമുള്ള തുക പ്രതിമാസം, ഓരോ അംഗത്തിനും അയാളുടെ കളക്ഷന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് 14,000/- രൂപ ശരാശരി വേതനം ഇനത്തിൽ ലഭിക്കുന്നു. കൺസോഷ്യം അക്കൗണ്ടിൽ ശേഷിക്കുന്ന തുക എല്ലാ വർഷവും ഓണത്തിന് ബോണസ് ഇനത്തിൽ, പ്രവർത്തനമേന്മ കൂടി കണക്കിലെടുത്ത്, സേനാംഗങ്ങൾക്ക് വീതിച്ചു നൽകുന്നു.

ഹരിതകർമ്മസേനയുടെ പ്രവർത്തനം സൂക്ഷ്മതലത്തിൽ നിരീക്ഷിക്കപ്പെടുന്നു. ഇതിനായി ജനപ്രതിനിധികൾ, നോഡൽ ഓഫീസർ (അസി. സെക്രട്ടറി), നിർവ്വഹണ ഉദ്യോഗസ്ഥൻ (VEO), ഹരിത സഹായ സ്ഥാപന പ്രതിനിധി, എന്നിവരടങ്ങുന്ന സമിതി പ്രവർത്തിക്കുന്നു. കൃത്യമായ ഇടവേളകളിൽ പരിശോധന, ബോധവൽക്കരണം, പിഴ ചുമത്തൽ എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു. 2022-23 ൽ ചട്ടലംഘനത്തിന് പിഴ ഒന്നും തന്നെ ഈടാക്കിയിട്ടില്ല.

ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ ഉൾപ്പെടെ പഞ്ചായത്ത് വാങ്ങി നൽകി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കിയിട്ടുണ്ട്. സ്മാർട്ട് ഗാർബേജ് ആപ്പ് നടപ്പിലാക്കിയതിന്റെ ഭാഗമായി എല്ലാ ഭവനങ്ങളിലും ക്യൂ.ആർ. കോഡ് പതിച്ച് യൂസർഫീ കളക്ട് ചെയ്യുന്നു. എല്ലാ വാർഡുകളിലും മിനി എം.സി.എഫ്, സേനാംഗങ്ങൾക്ക് യൂണിഫോം, തൊപ്പി, ഗ്ലൗസ്, തിരിച്ചറിയൽ കാർഡ്, വാഹന സൗകര്യങ്ങൾ എന്നിവ നൽകുന്നുണ്ട്. ഹരിതകർമ്മസേനയ്ക്ക് 2022-23 ൽ ഒരു ഇലക്ട്രിക് ഓട്ടോയും വാങ്ങി നൽകിയിട്ടുണ്ട്.

പഞ്ചായത്തിന്റെയും ഹരിതകർമ്മസേനാംഗങ്ങളുടെയും ആഭിമുഖ്യത്തിൽ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെയും പ്രധാന്യത്തേയും കുറിച്ച് പൊതുജനങ്ങളെ ബോധവാന്മാരാക്കുന്നതിന് സാധ്യമായിട്ടുണ്ട്. മൈക്ക് അനൗൺസ്മെന്റും വാർഡ് തലത്തിൽ ബോധവൽക്കരണവും നടത്തുന്നുണ്ട്. പഞ്ചായത്തിലെ വിവിധ സേവനങ്ങൾ നൽകുന്നതിന് ഗ്രീൻകാർഡ് നിർബന്ധമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനം എടുത്ത് ഘട്ടം ഘട്ടമായി പ്രാവർത്തികമാക്കി വരുന്നു.

ഹരിതകർമ്മസേന വരവ് – ചെലവ് റിപ്പോർട്ട് : 2022-23

| മാസം | യൂസർ ഫീ (₹) | നൽകിയ വേതനം (₹) | ശേഖരിച്ച മാലിന്യത്തിന്റെ അളവ് (Kg) | കൈമാറിയ മാലിന്യത്തിന്റെ അളവ് (Kg) |
|---|---|---|---|---|
| ഏപ്രിൽ | 56,150/- | 50,532/- | 1350 | 1256 |
| മെയ് | 1,97,940/- | 1,77,965/- | 1428 | 1350.85 |
| ജൂൺ | 2,07,810/- | 2,04,063/- | 1870 | 1292.8 |
| ജൂലൈ | 2,23,080/- | 2,00,508/- | 3200 | 2691.22 |
| ആഗസ്റ്റ് | 2,49,310/- | 2,62,804/- | 2960 | 2348.63 |
| സെപ്റ്റംബർ | 3,15,730/- | 2,83,878/- | 1740 | 1326.7 |
| ഒക്ടോബർ | 2,82,820/- | 2,72,480/- | 3450 | 2580 |
| നവംബർ | 2,10,030/- | 2,15,573/- | 2900 | 2574 |

| | | | | |
|---|---|---|---|---|
| ഡിസംബർ | 2,16,160/- | 2,03,768/- | 3060 | 2482 |
| ജനവരി | 2,23,485/- | 2,35,421/- | 4100 | 3012 |
| ഫെബ്രുവരി | 2,31,740/- | 2,21,867/- | 4850 | 4026 |
| മാർച്ച് | 2,32,630/- | 2,31,628/- | 3823 | 2621 |

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വ്യാപാരി വ്യവസായികളും മറ്റും ഉൽപാദിപ്പിക്കുന്ന മാലിന്യത്തിന്റെ അളവിനനുസൃതമായി ഹരിതമിത്രം ആപ്പിൽ വ്യത്യസ്ത നിരക്കിൽ യൂസർ ഫീ ഈടാക്കുന്നതിന് സർക്കാർ തലത്തിൽ നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ ഇടപെടൽ ഭരണസമിതി നടത്തുന്നത് ഉചിതമായിരിക്കും.

2. കേരള പഞ്ചായത്തീരാജ് നിയമത്തിന്റെ സെക്ഷൻ -219ൽ പരാമർശിക്കുന്ന നടപടികൾ കർശനമായി നടപ്പിൽ വരുത്തുന്നുവെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ് .

3. MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

4. പഞ്ചായത്ത് തലത്തിൽ പരാതിപരിഹാരസെൽ രൂപീകരിക്കാവുന്നതാണ്.

5. ജൈവമാലിന്യങ്ങൾ വളമാക്കി വിതരണം ചെയ്യാവുന്നവിധം ശാസ്ത്രീയ സംവിധാനങ്ങൾ ആവിഷ്കരിക്കാവുന്നതാണ്.

6. പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ ദോഷഫലങ്ങളെക്കുറിച്ചും, അവയുടെ വിനിയോഗം കുറയ്ക്കുന്നതിന്റേയും, അവ ശാസ്ത്രീയമായി പുനരുപയോഗത്തിലൂടെ നിർമ്മാർജനം ചെയ്യേണ്ടതിന്റെയും ആവശ്യകതയെപ്പറ്റിയും പൊതുജനാവബോധം വളർത്തുന്നതിന് ആവശ്യമായ നിരന്തര കർമ്മ പരിപാടികൾ കൂടി ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കാവുന്നതാണ്.

## 1-33 പഠനമുറി നിർമ്മാണം പൂർത്തിയാക്കിയില്ല

പ്രോജക്റ്റ് നം-104
നിർവഹണഉദ്യോഗസ്ഥ - അസി. സെക്രട്ടറി
എസ്.സി.പി അടങ്കൽ – ₹14,00,000/-
ചെലവ് – ₹8,00,000/-
ബിൽ നം. - 20 / ₹1,50,000/- 28-2-23
ബിൽ നം. -21/ ₹2,00,000/-8-3-23
ബിൽ നം. -24/ ₹1,50,000/- 17-3-23
ബിൽ നം. -26/ ₹3,00,000/-28-3-23

2022-23 ൽ അസി. സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതിയാണ് പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം. 50,000/-രൂപ മുൻകൂർ ആയും തുടർന്ന് അസി. എഞ്ചിനീയറുടെ മൂല്യനിർണയത്തിന്റെ അടിസ്ഥാനത്തിൽ 75,000/-രൂപ വീതം രണ്ടു ഗഡുക്കളായും നൽകുന്നു. ആദ്യ ഗഡു /ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചതായി രേഖയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് (ശ്രീ. /ശ്രീമതി) | അനുവദിച്ച തുക (₹) |
|---|---|---|
| 1 | ബാബു പി. | 1,25,000/- |
| 2 | ഉണ്ണിമായ | 1,25,000/- |
| 3 | പ്രശോഭ് | 1,25,000/- |
| 4 | ഗീത | 1,25,000/- |
| 5 | ആർച്ച | 50,000/- |

| | | |
|---|---|---|
| 6 | സുനിത | 1,25,000/- |
| 7 | ബിന്ദു | 1,25,000/- |

മുകളിൽ പരാമർശിച്ച ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ആർച്ച, പ്രശോഭ് എന്നീ ഗുണഭോക്താക്കൾ മാത്രമാണ് പണി പൂർത്തീകരിക്കാനുള്ളതെന്നും മറ്റ് ഗുണഭോക്താക്കൾ 2023-24 ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ആർച്ച, പ്രശോഭ് എന്നിവർ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ഗുണഭോക്താക്കൾ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
എൻക്വയറി നം. – 4 തീയതി 16-10-2023.

## 1-34 മഴക്കാലപൂർവ ശുചീകരണം - ഫണ്ട് ചെലവഴിച്ചതിൽ അപാകതകൾ

മഴക്കാലപൂർവ ശുചീകരണത്തിനായി 1,70,000/-രൂപ ചെക്ക് നം. 671680/20.05.2022 പ്രകാരം 17 വാർഡുകളിലേക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ താഴെ പ്പറയുന്ന വാർഡുകളിൽ 2022-23 ൽ അനുവദിച്ച തുക ചെലവ് ചെയ്തിരിക്കുന്നത് 2023-24 ലാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡിന്റെ പേര് | ചെലവഴിച്ച തുക (₹)/ തീയതി |
|---|---|---|
| 1 | 14 | 7,000/- 26/4/23 |
| 2 | 8 | 10,000/-23/6/23 |
| 3 | 16 | 1,125/- 2/8/23 |
| 4 | 4 | 2,250/- 26/6/23 |
| 5 | 9 | 4,500/- 26/6/23 |
| 6 | 10 | 10,000/- 26/6/23 |

2022-23 ൽ അനുവദിച്ച തുകകൾ തൻവർഷം ചെലവഴിക്കാതെ അടുത്ത വർഷം ചെലവഴിച്ചതിന്റെ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, മതിയായ സ്റ്റാഫ് ഇല്ലാഞ്ഞതുകൊണ്ടാണ് തൻവർഷം ചെലവഴിക്കാഞ്ഞത് എന്ന് അറിയിച്ചു. മഴക്കാലപൂർവ ശുചീകരണത്തിന് അനുവദിക്കുന്ന തുകകൾ യഥാസമയം ചെലവഴിക്കുന്നതിന് നിർവഹണഉദ്യോഗസ്ഥൻ മേൽനോട്ടം നൽകേണ്ടതാണ്.
എൻക്വയറി നം. – 11 /17-10-2023.

## 1-35 തനത് വരുമാനം -അവലോകനം

### I വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായിവരുന്നു

ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലമുള്ള നികുതി നഷ്ടം ഒഴിവാക്കാൻ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. എന്നാൽ ഈ നടപടികൾ പൂർത്തിയായില്ല.

2. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും, വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്

II സേവന ഉപനികുതി ഈടാക്കുന്നില്ല

നിശ്ചിത ഇടവേളകളിൽ വിവിധയിനം നികുതി, നികുതിയേതര വരവുകളുടെ ഡിമാന്റിംഗ് പിരിവ് പുരോഗതി അവലോകന യോഗങ്ങൾ ചേരുന്നില്ല. ബജറ്റിലെ പ്രതീക്ഷിത വരവ് 75,00,000/-രൂപയാണ്. എന്നാൽ സഞ്ചയ പ്രകാരമുള്ള വരവ് 60,20,355/-രൂപയാണ്. 1-4-23 ലെ നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് 12 ഉദ്യോഗസ്ഥരെ ഫീൽഡ് പരിശോധനാ ഉദ്യോഗസ്ഥരായി നിയമിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാവിഭജനം 2013ൽ നടത്തിയത് ഇപ്പോഴും പിന്തുടർന്ന് വരുന്നു. അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. എന്നാൽ രജിസ്റ്ററിലുള്ള എല്ലാ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തിയില്ല. നിലവിൽ രണ്ട് മൊബൈൽ ടവറുകൾ വസ്തുനികുതി കുടിശ്ശിക വരുത്തിയിട്ടുണ്ട്. വിശദാംശം റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

III നികുതിയേതര വരുമാനങ്ങൾ

വാടക

പഞ്ചായത്തിൽ 28 കടമുറികൾ ഉണ്ട്. രണ്ട് കടമുറികളുടെ വാടക കുടിശ്ശിക ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് അടവാക്കി. 2022-23 ൽ 3 കടമുറികൾ ലേലത്തിൽ പോകാതെ ഒഴിഞ്ഞുകിടന്നു. കടമുറികൾ ഒന്നും തന്നെ വാടകയിനത്തിൽ 5%വീതം വാർഷിക വർദ്ധനവ് വരുത്തിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം. – 1/23, തീയതി – 21.09.2023.

1-36 MGNREGS - സിമന്റിന്റെ സപ്ലൈ - മാർക്കറ്റ് നിരക്ക് കണക്കിലെടുക്കാതെ വില നൽകുന്നു.

2022-23 വർഷത്തിൽ MGNREGS ൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന 4 റോഡു പ്രവൃത്തികൾ നടപ്പിൽ വരുത്തുകയുണ്ടായി.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കരാർ പ്രകാരം നൽകിയ മെറ്റീരിയൽ വില (₹) |
|---|---|---|
| 1. | ചെങ്ങർ വാർഡിൽ ചെറുവക്കൽ ഏലാ റോഡ് കോൺക്രീറ്റ് | 1,96,790/-<br>(FTO 16263/11.4.23) |
| 2. | അമ്പലംകുന്ന് വാർഡിൽ പുഞ്ചിരിമുക്ക് ട്രാൻസ്ഫോമർ റോഡ് കോൺക്രീറ്റ് | 3,85,796/-<br>(FTO16236/11.4.23) |
| 3. | റോഡുവിള വാർഡിൽ തേമ്പാംവിള പനവട്ടം ഏലാ റോഡ് കോൺക്രീറ്റ് | 3,88,505/-<br>(FTO16296/11.4.23) |

| | | |
|---|---|---|
| 4. | മോട്ടോർകുന്ന് വാർഡിൽ ആലുംമൂട് -മോട്ടോർകുന്ന് അംഗൻവാടി റോഡ് കോൺക്രീറ്റ് | 3,88,012/-<br>(FTO162118/12.5.23) |

മേൽ പ്രവൃത്തികൾക്കാവശ്യമായ അസംസ്കൃത വസ്തുക്കളും ഉപകരണങ്ങളും സപ്ലൈ ചെയ്യാൻ കരാർ ഏറ്റിരുന്നത് ശ്രീ. ബി. ശ്രീകുമാർ എന്ന വ്യക്തിയാണ് (കരാർ നം. 02/AE/MGNREGS/21-22/24.2.22). കോൺക്രീറ്റിനാവശ്യമായ സിമിന്റിനും മറ്റും 28% GST ഉൾപ്പടെയാണ് ബിൽ തുക നൽകിയിരിക്കുന്നത്. ജി എസ് ടി-ടി ഡി എസ് ഈടാക്കാതെയാണ് ആകെ 13,59,103/-രൂപ കരാറുകാരന് ബിൽ തുകയായി നൽകിയിരിക്കുന്നത്. റോഡ് പ്രവൃത്തികൾക്കാവശ്യമായ സിമന്റിന്റെ സപ്ലൈയ്ക്ക് അംഗീകരിച്ചിരിക്കുന്ന കരാർ നിരക്ക് 11,328/-രൂപ/ടൺ (566.4/-bag) ആണ്. എന്നാൽ 10,000/-രൂപ/ടൺ നിരക്കിലാണ് വില നൽകികാണുന്നത്. പദ്ധതി കാലയളവിൽ സിമിന്റിന്റെ പ്രാദേശിക വില നികുതികളുൾപ്പെടെ ശരാശരി 8,000/-രൂപ/ടൺ ആണെന്ന് MGNREGS ന്റെ തന്നെ മറ്റ് പ്രവൃത്തി ഫയലുകളിൽനിന്നും വ്യക്തമാകുന്നു. (ഉദാ: File No 35, IF516851 ചെറിയ വെളിനല്ലൂർ വാർഡിൽ ഖണ്ഡിക 5 പ്രകാരമുള്ള കുടുംബങ്ങൾക്ക് ആട്ടിൻകൂട് നിർമ്മാണം-സുൽഫത്ത് ബീവി സമർപ്പിച്ചിരിക്കുന്ന SS Cements കരിങ്ങന്നൂർ, ഓയൂർ എന്ന സ്ഥാപനത്തിന്റെ 415/21.6.22 നമ്പർ ടാക്സ് ഇൻവോയിസ്). കരാറുകാരനുമായി Negotiation നടത്തിയതായി രേഖയില്ല. മാർക്കറ്റ് വില ശരാശരി 8,000/-രൂപ/ടൺ ആണെന്നിരിക്കേ സിമന്റ് വില 10,000/-രൂപ/ടൺ എന്ന് നിജപ്പെടുത്തി നൽകിയതിന്റെ അടിസ്ഥാനം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ കരാർ അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത് എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. കരാറുകാരനുമായി മാർക്കറ്റ് നിരക്കിന്റെ കൂടി അടിസ്ഥാനത്തിൽ നെഗോഷിയേഷൻ നടത്താതെ തന്നെ നിരക്കിൽ കുറവുവരുത്തി കാണുന്നു. തുടർ വർഷങ്ങളിൽ, ഇത്തരം സന്ദർഭങ്ങളിൽ മാർക്കറ്റ് നിരക്കു കൂടി കണക്കിലെടുത്ത്, നെഗോഷിയേഷനിലൂടെ മാത്രം നിരക്കുകൾ നിശ്ചയിച്ച് സാമഗ്രികൾ സമാഹരിക്കാൻ പഞ്ചായത്ത് ഭരണസമിതി ശ്രദ്ധ പുലർത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 16/18.10.2023.

1-37 വിവിധ പദ്ധതി നിർവ്വഹണാധികാരികൾക്ക് മുൻകൂർ കണ്ടിജൻസി ചെലവുകൾ : 77,353/-രൂപയുടെ ചെലവുരേഖകളില്ല.

സെക്രട്ടറിയുടെ 29.06.2022 ലെ പ്രൊസീഡിങ്സ് നം. 100/2022 പ്രകാരം 2,18,000/-രൂപ 'വിവിധ പദ്ധതി നിർവ്വഹണാധികാരികൾക്ക് കണ്ടിജൻസി ചെലവുകൾ' എന്ന ഇനത്തിൽ പിൻവലിച്ചു. (ചെക്ക് നം. 8729941/ 20.7.22). തുകയുടെ ചെലവു രേഖകളും വിശദീകരണങ്ങളുമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 1,40,647/-രൂപയുടെ മാത്രം ചെലവു രേഖകൾ ഹാജരാക്കുകയും (മറുപടിയിൽ 1,58,000/-രൂപയുടെ ചെലവു രേഖകൾ ഹാജരാക്കുന്നതായി പരാമർശിക്കുന്നു) ഐ.സി.ഡി.എസ്. സൂപ്പർവൈസർക്ക് നൽകിയ 60,000/-രൂപയുടേതുൾപ്പടെയുള്ള വൗച്ചറുകൾ സെക്രട്ടറി രേഖാമൂലം ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത ഓഫീസർ ഹാജരാക്കിയിട്ടില്ല എന്നറിയിക്കുകയും ചെയ്തിട്ടുണ്ട്. മുൻകൂർ നൽകിയ തുകകളുടെ വൗച്ചറുകൾ സമയബന്ധിതമായി വാങ്ങി സൂക്ഷിക്കാതിരുന്നത് വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ചട്ടപ്രകാരമുള്ള പലിശ സഹിതം, രേഖകൾ വാങ്ങി മുൻകൂറുകൾ ക്രമീകരിച്ച് രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതുവരെ 77,353/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാത്തപക്ഷം മേൽതുക ബന്ധപ്പെട്ട സക്രട്ടറിയുടെ ബദ്ധ്യതയായി കണക്കാക്കി തുടർനടപടി സ്വീകരിക്കുന്നതായിരിക്കും.

ഓഡിറ്റ് എൻക്വയറി നം. – 3/16.10.2023.

തടസ്സപ്പെടുത്തിയ തുക – 77,353/-രൂപ

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നെൽകൃഷി വികസനം - തുക അധികം നൽകി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | നെൽകൃഷി വികസനം<br>പദ്ധതി നം. 107/23 |
| അടങ്കൽ തുക | ₹4,50,000/- (വികസന ഫണ്ട്)<br>₹60,000/-(ഗുണ. വിഹിതം) |
| ചെലവഴിച്ച തുക | ₹4,50,000/- (വികസന ഫണ്ട്)<br>(₹1,25,000/-ബിൽ നം. 2/31.10.2022<br>₹1,75,000/-ബിൽ നം. 3/06.01.2023<br>₹1,50,000/-ബിൽ നം. 4/31.03.2023) |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പാക്കിയ നെൽകൃഷി വികസനം എന്ന പദ്ധതിയിൽ സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിനേക്കാൾ അധികം സബ്സിഡി നൽകിയിരിക്കുന്നു. പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ ഉത്തരവ് സ.ഉ(കൈ).115/2022/ത.സ്വ.ഭ.വ തീയതി 28.5.22 ഖ.9.1 പ്രകാരം ഒരു പൂകൃഷിക്ക് 25,000/-രൂപ/ഹെക്ടർ (ഒരു സെന്റിന് 100/-രൂപ നിരക്കിൽ) അനുവദിക്കാവുന്നതാണ്. എന്നാൽ കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തി നല്കിയ സ്റ്റേറ്റ്മെന്റ്, അപേക്ഷ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ മേൽ ഉത്തരവിൽ നിശ്ചയിച്ചിട്ടുള്ളതിലും അധികമായി തുക നൽകിയിരിക്കുന്നതായി കണ്ടെത്തി. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പേര് | നിലത്തിന്റെ വിസ്തീർണ്ണം (സെന്റ്) | അനുവദിച്ച തുക (₹) | അനുവദനീയമായ തുക (₹) | അധികം നൽകിയ തുക (₹) |
|---|---|---|---|---|---|
| 1 | ശ്രീ. അബ്ദുൾ സലാം എച്ച് | 58 (രണ്ട് പൂകൃഷി) | 20,000/- | 11,600/- | 8,400/- |
| 2 | ശ്രീമതി നസീമ | 30 (രണ്ട് പൂകൃഷി) | 9,000/- | 6,000/- | 3,000/- |
| 3 | ശ്രീ. അബ്ദുൾ സമദ് | 41 (രണ്ട് പൂകൃഷി) | 13,000/- | 8,200/- | 4,800/- |
| 4 | ശ്രീ. നാസറുദ്ദീൻ | 75 (രണ്ട് പൂകൃഷി) | 20,500/- | 15,000/- | 5,500/- |
| 5 | ശ്രീ. സുധീർ | 34 (രണ്ട് പൂകൃഷി) | 9,200/- | 6,800/- | 2,400/- |
| 6 | ശ്രീമതി ഹമീനാ ബീവി | 34 (രണ്ട് പൂകൃഷി) | 10,400/- | 6,800/- | 3,600/- |
| 7 | ശ്രീമതി റുബീന | 45 (രണ്ട് പൂകൃഷി) | 14,000/- | 9,000/- | 5,000/- |
| 8 | ശ്രീ. സമാനുദ്ദീൻ | 49 (രണ്ട് പൂകൃഷി) | 13,900/- | 9,800/- | 4,100/- |
| 9 | ശ്രീ. രാജേന്ദ്രൻ ഉണ്ണിത്താൻ | 58 (ഒരു പൂകൃഷി) | 12,000/- | 5,800/- | 6,200/- |

| | | | | | |
|---|---|---|---|---|---|
| 10 | ശ്രീമതി രാധമ്മ | 79 (ഒരു പൂകൃഷി) | 13,000/- | 7,900/- | 5,100/- |
| 11 | ശ്രീ. ഗോപിനാഥൻ പിള്ള | 17 (ഒരു പൂകൃഷി) | 3,300/- | 1,700/- | 1,600/- |
| 12 | ശ്രീമതി സുശീല | 30 (ഒരു പൂകൃഷി) | 6,400/- | 3,000/- | 3,400/- |
| 13 | ശ്രീ. രാജീവ് എം | 33 (ഒരു പൂകൃഷി) | 4,000/- | 3,300/- | 700/- |
| 14 | ശ്രീമതി ഉഷ | 39 (ഒരു പൂകൃഷി) | 4,800/- | 3,900/- | 900/- |
| 15 | ശ്രീ. ഗോപാലകൃഷ്ണ പിള്ള | 11 (ഒരു പൂകൃഷി) | 2,200/- | 1,100/- | 1,100/- |
| 16 | ശ്രീമതി സൈനബാ ബീവി | 90 (ഒരു പൂകൃഷി) | 9,500/- | 9,000/- | 500/- |
| 17 | ശ്രീമതി സുബൈദാ ബീവി | 29 (ഒരു പൂകൃഷി) | 9,300/- | 2,900/- | 6,400/- |
| 18 | ശ്രീ. രാജു ലാൽ | 52 (ഒരു പൂകൃഷി) | 6,100/- | 5,200/- | 900/- |
| 19 | ശ്രീമതി സുധാമണി | 33 (ഒരു പൂകൃഷി) | 4,500/- | 3,300/- | 1,200/- |
| ആകെ | | | | | 64,800/- രൂപ |

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 14-ാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖയിൽ നിശ്ചയിച്ചിട്ടുള്ളതിലും അധികമായി തുക നൽകിയതിന് നിർവ്വഹണോദ്യോഗസ്ഥ വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അധികമായി അനുവദിച്ച 64,800/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

നിരാകരിച്ച തുക – 64,800/- രൂപ

ഓഡിറ്റ് എൻക്വയറി നം. – 13/19.10.2023.

## 3-2 കരിങ്ങന്നൂർ UP സ്കൂളിൽ കിണറ്റിൽ മോട്ടോർ സ്ഥാപിക്കൽ : 2,190/- രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല.

കരിങ്ങന്നൂർ UP സ്കൂളിൽ കിണറ്റിൽ മോട്ടോർ സ്ഥാപിക്കുന്നതിനായി സ്കൂൾ ഹെഡ് മാസ്റ്റർ ക്വട്ടേഷൻ ക്ഷണിക്കുകയും, കുറഞ്ഞ നിരക്കായ 11,544/- രൂപ ക്വോട്ടു ചെയ്ത L&G Electricals കരിങ്ങന്നൂർ എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷൻ അംഗീകരിക്കുകയും ചെയ്തു. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് സ്ഥാപനം സമർപ്പിച്ച 13,734/-രൂപയുടെ ബിൽ ഹെഡ് മാസ്റ്റർ പഞ്ചായത്തിൽ ഹാജരാക്കി തുക കൈപ്പറ്റി (തനത് ഫണ്ട് ചെക്ക് നം. 97280/29.7.22). 2,190/- രൂപ അധികമായി നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം ലഭ്യമാക്കിയില്ല.

2,190/- രൂപയുടെ ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല. 2,190/- രൂപ ഉത്തരവാദിയായ സ്കൂൾ ഹെഡ് മാസ്റ്ററിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 ഭിന്നശേഷി സ്കോളർഷിപ്പ് അധികം നൽകി

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകിയപ്പോൾ അർഹതപ്പെട്ടതിലും അധികം തുക നൽകി. അഖിലാ നാഥ് എന്ന വിദ്യാർത്ഥിയുടെ രക്ഷിതാവായ ശ്രീ. ശൈലൻ എന്നയാളുടെ കരിങ്ങന്നൂർ ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ 115701000009289 നമ്പർ അക്കൗണ്ടിലേക്ക് താഴെ പറയും പ്രകാരം തുക നൽകി.

| ബിൽ നമ്പർ | നൽകിയ തുക (₹) |
|---|---|

| | |
|---|---|
| 16/10-11-22 – ₹4,53,500/- | 17,500/- |
| 23/23-3-23 – ₹3,00,000/- | 25,500/- |
| ആകെ | 43,000/- |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് നൽകാവുന്ന പരമാവധി തുക 28,500/-രൂപ ആണെന്നിരിക്കെ തുക അധികം നൽകിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ അധികമായി ചെലവഴിച്ച 14,500/- രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ - 14/19-10-2023.

നിരാകരിച്ച തുക – 14,500/-രൂപ.

### 3-4 സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് - വാഹന വാടക അധികം അനുവദിച്ചു

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 39/23 |
| പ്രോജക്ട് | സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് |
| അടങ്കൽ | ₹1,29,644/- |
| ഫണ്ടിനം | വികസനഫണ്ട് ജനറൽ |
| ചെലവ് | ₹1,29,644/- |
| ബിൽ നമ്പർ | 6/2-6-22 |

സ്ട്രീറ്റ് ലൈറ്റ് മെയിന്റനൻസ് പദ്ധതിയിൽ അംഗീകൃത കരാറുകാരനായ ശ്രീ. ഉണ്ണികൃഷ്ണനുമായുള്ള കരാർ പ്രകാരം ഒരു ദിവസം 395/- രൂപയാണ് വാഹനവാടകയായി നൽകേണ്ടിയിരുന്നത്. എന്നാൽ ഒരേ തീയതിയിൽ ഒരേ വാഹനം വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് അറ്റകുറ്റപ്പണി നടത്തുന്നതിനായി ഒന്നിൽ കൂടുതൽ തവണ വാഹനവാടക നൽകിയിരുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഇത്തരത്തിൽ അധികം നൽകിയ 2,350/- രൂപ 18.10.2023 ലെ 1230201569/G021105 നമ്പർ രസീത് പ്രകാരം തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയതായി അറിയിച്ചു.

കരാറുകാരനായ ശ്രീ. ഉണ്ണികൃഷ്ണൻ ഒരേ തീയതിയിൽ രണ്ടു വാഹനങ്ങളിൽ സഞ്ചരിച്ച് തെരുവുവിളക്കു പരിപാലനം നടത്തിയതായി കാണിച്ച് രണ്ടു വാഹനവാടക നൽകിയിരിക്കുന്നു. KL 02 W 9898, KL02 AG 4068 നമ്പർ വാഹനങ്ങളിൽ ഒരേ ദിവസം (4-9-21, 13-10-21, 14-10-21, 15-10-21) സഞ്ചരിച്ചതിന്റെ ബില്ല് പ്രകാരം തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടപ്പോൾ കരാറുകാരൻ രണ്ടു വാഹനങ്ങളിൽ സഞ്ചരിച്ചാണ് തെരുവുവിളക്കു പരിപാലനം നടത്തിയത് എന്നാണ് മറുപടി നൽകിയത്. കരാർ പ്രകാരം ഒരു ദിവസം 395/-രൂപയാണ് വാഹന വാടകയായി അനുവദിക്കാവുന്നത് എന്നതിനാൽ ഈ മറുപടി അംഗീകരിക്കുന്നില്ല. വാഹന വാടകയിനത്തിൽ അധികം നൽകിയ 1,580/-(395x4) രൂപ തിരികെ ഈടാക്കേണ്ടതാണ്.

നിരാകരിച്ച തുക – 1,580/-രൂപ

ഓഡിറ്റ് എൻക്വയറി നമ്പർ – 1/10.10.2023

### 3-5 പകൽ വീട് പദ്ധതി - കരാർ ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ വേതനം നൽകി

പകൽ വീട് പദ്ധതിയിൽ കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള കെയർ ഗിവർക്ക് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുവദനീയമായതിനേക്കൾ ഉയർന്ന നിരക്കിൽ വേതനം അനുവദിച്ചു. സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 22/18 തസ്വഭവ തീയതി 14.2.2018 ഖ.7.1.13 പ്രകാരം പകൽ വീട്

നടത്തിപ്പിന് അനുയോജ്യമായ തരത്തിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതും പ്രതിമാസം 7,000/- രൂപയിൽ അധികമാകാതെ വേതനം നൽകാവുന്നതുമാണ്. എന്നാൽ ഈ നിർദ്ദേശത്തിന് വിരുദ്ധമായി കെയർ ഗിവർക്ക് (ശ്രീമതി ഉഷ ബി) പ്രതിമാസം 14,000/- രൂപ നിരക്കിൽ വേതനം അനുവദിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർവഹണോദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
|---|---|---|
| പദ്ധതി, നം. | പകൽ വീട് പദ്ധതി (20/23) | പകൽ വീട് പദ്ധതി (58/23) |
| അടങ്കൽ തുക | ₹6,87,669/- (വികസനഫണ്ട്-ജനറൽ) | ₹1,76,617/-(വികസനഫണ്ട് ) |
| ചെലവ് | ₹5,28,952/- | ₹1,76,617/- |

ബിൽ, ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ, തീയതി | മാസം | നൽകിയ തുക (₹) | നൽകാവുന്നത് (₹) | അധികം നൽകിയത് (₹) |
|---|---|---|---|---|
| 1/15-5-22 | 2/22, 3/22, 4/22 | 42,000/- | 21,000/- | 21,000/- |
| 4/25-6-22 | 5/22 | 14,000/- | 7,000/- | 7,000/- |
| 7/1-9-22 | 6/22, 7/22 | 28,000/- | 14,000/- | 14,000/- |
| 9/1-9-22 | 8/22 | 14,000/- | 7,000/- | 7,000/- |
| 14/25-10-22 | 9/22 | 14,000/- | 7,000/- | 7,000/- |
| 17/11-11-22 | 10/22 | 14,000/- | 7,000/- | 7,000/- |
| 19/15-12-22 | 11/22 | 14,000/- | 7,000/- | 7,000/- |
| 22/23-2-23 | 12/22, 1/23 | 28,000/- | 14,000/- | 14,000/- |
| 27/28-3-23 | 2/23, 3/23 | 28,000/- | 14,000/- | 14,000/- |
| ആകെ | | | | 98,000/- |

അധിക വേതനം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ അധികം നൽകിയ 98,000/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ 16/17-10-2023.

നിരാകരിച്ച തുക - 98,000/-രൂപ.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 12.10.2023 & 13.10.2023 | കെ.എസ്.എ.കെ.എൽ.എം.പി3/1844/2023<br>തീയതി 16.11.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 370000/- | ലൈഫ് ഭവന നിർമ്മാണം SCP | 370000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 720000/- | ലൈഫ് ഭവന നിർമ്മാണം ജനറൽ | 720000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 300000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 300000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 175000/- | അനുപൂരക പോഷകാഹാരം | 175000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 42000/- | പകൽവീട് | 42000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 359926/- | ബഡ്സ് സ്കൂൾ അധ്യാപികക്കും സഹായികൾക്കും വേതനം | 359926/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 227817/- | പാലിന് സബ്സിഡി | 227817/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 150000/- | ലൈഫ് ഭവന നിർമ്മാണം-ജനറൽ | 150000/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 530000/- | ലൈഫ് ഭവന നിർമ്മാണം-ജനറൽ | 530000/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 173628/- | അനുപൂരക പോഷകാഹാരം | 173628/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000/- | അനുപൂരക പോഷകാഹാരം SCP | 100000/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 175500/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ്- | 175500/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1800000/- | ഇത്തിക്കര ആറ്റിൽ കുടിവെള്ള ജലസംരക്ഷണ ചെക്ക് ഡാം | 1800000/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 9399/- | പാലിന് സബ്സിഡി | 9399/- | - |
| ജില്ലാ പഞ്ചായത്ത് | 2022-23 | 96678/- | പാലിന് സബ്സിഡി | 96678/- | - |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക (₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| മേജർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | ഇത്തിക്കര ആറ്റിൽ കുടിവെള്ള സംരക്ഷണ ചെക്ക് ഡാം | 3945991/ 12.05.2022 | 1800000/- | 0 | 1800000/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,10,00,000/- രൂപ വരവുണ്ട്. മുൻബാക്കി 12,00,000/-രൂപയടക്കം 1,22,00,000/-രൂപയിൽ 1,02,57,502/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | സ.ഉ.(എം.എസ്സ്) 1884/15/തസ്വഭവ തീയതി- 23.06.2015 | | 57,22,848/- | 27,59,336/- | 5,10,642/- | 29,63,512/- |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(എം.എസ്സ്) 2278/18/തസ്വഭവ തീയതി-13.08.2018 | 1,10,00,000/- | 2,03,30,554/- | 34,22,170/- | - | 2,79,08,384/- |

വായ്പ കണക്കിലെ അപാകത ഖണ്ഡിക 1-1-1(2)-ൽ പ്രതിപാദിച്ചിട്ടുണ്ട്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹27,73,095/- |
| തൻവർഷം നിക്ഷേപിച്ച തുക | ₹2,01,049/- |
| ആകെ | ₹29,74,144/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹29,74,144/- |

സ്ഥിര നിക്ഷേപം സംബന്ധിച്ച അപാകത ഖണ്ഡിക 1-1-2(1)-ൽ പ്രതിപാദിച്ചിട്ടുണ്ട്.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക (₹) | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | സർവ്വീസ് സഹകരണ ബാങ്ക്, വെളിനല്ലൂർ | 04/09/2018 | 2022-23 | 29,74,144/- | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിവരം താഴെ കൊടുക്കുന്നു.

| ഓഡിറ്റ് | ഖണ്ഡിക | സമാഹൃത | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ |
|---|---|---|---|---|---|

| വർഷം | | റിപ്പോർട്ട് വർഷം | | | അവസ്ഥ |
|---|---|---|---|---|---|
| 2011-12 | 2-4 | 2014-15 | 6-2 | അനിവാര്യമായ രേഖകളുടെ അഭാവത്തിൽ പാറക്വാറികൾക്ക് ലൈസൻസ് അനുവദിക്കൽ | വകുപ്പുതല നടപടികൾക്ക് ശുപാർശ ചെയ്തു |
| 1999-00 | 2-29 | 2004-05 | - | രസീത് പിരിവ് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയില്ല | ലഭ്യമല്ല |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ്പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (₹) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-1 | - | 64,800/- | ശ്രീമതി ഷോണി, കൃഷി ഓഫീസർ | |
| 3-2 | - | 2,190/- | ശ്രീ. ശ്രീകുമാർ സി ജി, ഹെഡ് മാസ്റ്റർ | |
| 3-3 | - | 14,500/- | ശ്രീമതി അമ്പിളി പി വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | |
| 3-4 | - | 1,580/- | ശ്രീമതി ഷൈനി ബി, സെക്രട്ടറി | |
| 3-5 | - | 98,000/- | 70,000/- | ശ്രീമതി അമ്പിളി പി വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| | | | 28,000/- | ശ്രീമതി രേഖ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 18,00,000/- | ശ്രീമതി ഷൈനി ബി, സെക്രട്ടറി |
| 1-15 | 1,846/- | ശ്രീമതി ഷൈനി ബി, സെക്രട്ടറി |
| 1-17 | 29,600/- | ശ്രീമതി ഷോണി, കൃഷി ഓഫീസർ |
| 1-18 | 3,50,000/- | ഡോ. പ്രമോദ് കുമാർ, മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) |
| 1-19 | 1,05,657/- | ഡോ. അനിത ബി വി, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. |
| 1-25 | 98,335/- | ശ്രീമതി അമ്പിളി പി വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-27 | 1,18,802/- | ശ്രീമതി അമ്പിളി പി വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-28 | 13,50,000/- | ശ്രീമതി അമ്പിളി പി വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-29 | 87,993/- | ശ്രീമതി രേഖ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-30 | 4,97,117/- | ശ്രീമതി അമ്പിളി പി വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |

| | | |
|---|---|---|
| 1-37 | 77,353/- | ശ്രീമതി ഷൈനി ബി, സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ഷൈനി ബി, സെക്രട്ടറി | സെക്രട്ടറി, ഇളമാട് ഗ്രാമപഞ്ചായത്ത് | വാസന്തിഭവനം, തഴുത്തല, കൊട്ടിയം-691571 |
| ശ്രീമതി അമ്പിളി പി വി, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ മടവൂർ | വസന്തം ഭവനം, ചാവർകോട്, പാരിപ്പള്ളി-691574 |
| ശ്രീമതി രേഖ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ ചടയമംഗലം | കുഴിവിള വീട്, അമർ ഹോസ്പിറ്റൽ, ആറ്റിങ്ങൽ |
| ഡോ. പ്രമോദ് കുമാർ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ലജാ നിവാസ് , കൊട്ടിയം |
| ഡോ. അനിത ബി വി | മെഡിക്കൽ ഓഫീസർ, സി എച്ച് സി | സൗപർണ്ണിക, ഹോസ്പിറ്റൽ ജം. പാറശ്ശാല-695502 |
| ശ്രീമതി ഷോണി, കൃഷി ഓഫീസർ | കൃഷി ഓഫീസർ വെളിനെല്ലൂർ ഗ്രാമപഞ്ചായത്ത് (Maternity Leave) | ഷോമാലയം, മോട്ടോർകുന്ന് |
| ശ്രീ ശ്രീകുമാർ സി ജി, ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ Govt LPS Nettayam | പടിഞ്ഞാറ്റതിൽ വീട് കുടവട്ടൂർ, ഓടനാവട്ടം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1998-1999 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(2), തീയതി, 22.3.18 | 24, 30, 39 | - |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(3), തീയതി, 22.3.18 | 28, 29, 39 | 29 കൺസോളിഡേറ്റഡ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡിക |
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(4), തീയതി, 22.3.18 | 2-2, 2-3, 3-3 (എ, സി, ഡി), 3-7 | - |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(5), തീയതി, 22.3.18 | 2-1, 3-1 , 3-5 3-8 | - |

| | | | |
|---|---|---|---|
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(6), തീയതി, 22.3.18 | 3-5, 3-8, 3-14 | - |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(7), തീയതി, 22.3.18 | 3-2(1,2,5,6,7,8, 9-മുതൽ 17 വരെ) | - |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(8), തീയതി, 22.3.18 | 3-5, 3-15 | - |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി3/ 421/18(9), തീയതി, 22.3.18 | 3-6 (1,3) | - |
| 2006-2007 | കെ.എസ്.എ.കെ.എൽ.എം.പി3/ 811(1)/2019തീയതി,12.06.2019 | 2-1, 3-2, 3-3, 3-8 | - |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം.പി3/ 811(2)/2019തീയതി,12.06.2019 | 3-4, 3-5,3-7, 3-9 | - |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം.പി3/ 811(3)/2019തീയതി,12.06.2019 | 3-2, 3-4,3-5 | - |
| 2009-2010 | കെ.എസ്.എ.കെ.എൽ.എം.പി3/ 811(4)/2019തീയതി,12.06.2019 | 2-1, 2-2, 3-2, 3-3 3-4, 3-5, 3-6, 3-9 | - |
| 2010-2011 | കെ.എസ്.എ.കെ.എൽ.എം.പി3/ 811(5)/2019തീയതി,12.06.2019 | 2-1, 3-3 3-4 (1,2) , 3-5, 3-6, 3-8, 3-9, 3-11, 3-12 | - |
| 2011-2012 | കെ.എസ്.എ.കെ.എൽ.എം.പി3/അദാലത്ത്-2011-12/135/22/25.08.22 | 2-4,2-5,2-6,3-2,3-6,3-12,3-13 | - |
| 2012-2013 | കെ.എസ്.എ.കെ.എൽ.എം.പി3/അദാലത്ത്-2012-13/135/22/25.08.22 | 3-8 | ഖ. 2-4 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുണ്ട്. |
| 2013-2014 & 2014-2015 | കെ.എസ്.എ.കെ.എൽ.എം.പി3/അദാലത്ത്-2013-2014&2014-2015/135/22/25.08.22 | 3-4 , 3-5, 3-7, 3-10(1), 3-12 | - |
| 2015-16 | കെ.എസ്.എ/കെ.എൽ.എം.പി-3/ അദാലത്ത്-2015-16/135/22/25.08.22 | 3-2, 3-5 | - |
| 2016-17 | കെ.എസ്.എ/കെ.എൽ.എം.പി-3/ 1448/17 /തീയതി, 16.8.17 | ഭാഗം 2 ലെയും 3 ലെയും എല്ലാ ഖണ്ഡികകളും | - |
| 2017-18 | കെ.എസ്.എ/കെ.എൽ.എം.പി-3/ 362/19 തീയതി-30.04.2019 | ഭാഗം 2 ലെയും 3 ലെയും എല്ലാ ഖണ്ഡികകളും | - |
| 2018-19 | കെ.എസ്.എ/കെ.എൽ.എം.പി-3/ 316/20 തീയതി-09.06.2020 | ഭാഗം 2 ലെയും 3 ലെയും എല്ലാ ഖണ്ഡികകളും | - |
| 2019-20 | കെ.എസ്.എ/കെ.എൽ.എം.പി-3/ 1566/2021 തീയതി-27.05.2022 | എല്ലാ ഖണ്ഡികകളും | - |
| 2020-21 | കെ.എസ്.എ/കെ.എൽ.എം.പി-3/ /2021 തീയതി- | എല്ലാ ഖണ്ഡികകളും | |
| 2021-22 | കെ.എസ്.എ/കെ.എൽ.എം.പി-3/ /2021 തീയതി- | എല്ലാ ഖണ്ഡികകളും | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

# Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number IV(1) dated 23-06-2023 and submitted on 05-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Velinalloor Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Velinalloor Grama Panchayat for the year 2022-2023

Date: 16/11/2023

Deputy Director
District Office Kollam
Kerala State Audit Department

**Audit Report appended to the Audit Certificate of Velinalloor Grama Panchayat for the Year 2022-2023.**

**1.Major Observations**

NIL

**2.Other Observations**

1) The liablity head for ICDS does not match with the actual amount.

2) The asset value marked as fixed deposits does not match with the fixed deposit receipts.

3) The amount given as Advance to other authorised agencies is not correct.

4) The amount given for deposit work for public work department is not included in the advance head.

5) The accuracy of the amount given as other liablities is not explained.

6) The accuracy of the amount given as advance to others is not explained.

7) The amount entered as festival advance amount is not correct.

8) The amount entered as loan to be payed is not correct.

9) The amount given as the expenditure from District Panchyat shown does not match with actual expenditure.

10) The following mandatory financial statements prescribed in accounting rules are not submitted for audit :-

Ratios.

11) Schedules of the following financial statements are not submitted :-

B1 Schedule.

12) Cashflow statement- Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

13) Misclassification of refund receipts.

14) Lapses in making timely and accurate demand entries in respect of tax and non tax revenue. Lack of authenticated journal vouchers for supporting the adjustment entries recorded in prior period items.
15) The amount returned from ANERT is not entered in the same head but it is taken as another liability..

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ വെളിനെല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.